
2023
SEPTEMBER
02
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഇന്ത്യയുടെ പ്രഥമ സൗരദൗത്യം: ആദിത്യ എൽ1 വിക്ഷേപണം ഇന്ന്

**ചെന്നൈ:** രാജ്യത്തിന്റെ പ്രഥമ സൗരദൗത്യം ആദിത്യ എൽ1 വിക്ഷേപണത്തിന്റെ തയാറെടുപ്പുകൾ പൂർത്തിയായി. ഇന്നു പകൽ 11.50നു ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേസ് സെന്ററിലെ രണ്ടാം വിക്ഷേപണത്തറയിൽനിന്നാകും 1480.7 കിലോ ഭാരമുള്ള ആദിത്യയുമായി പിഎസ്എൽവി എക്സ്എൽ സി57 റോക്കറ്റ് കുതിച്ചുയരുക. ഭൂമിയിൽനിന്ന് ഏകദേശം 15 ലക്ഷം കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിലാണ് ആദിത്യ എൽ1 എത്തുക. ഇവിടെനിന്നു തടസ്സമോ മറവോ കൂടാതെ സൂര്യനെ തുടർച്ചയായി വീക്ഷിക്കാനും പഠിക്കാനും കഴിയും.

വിക്ഷേപിച്ച് 64 മിനിറ്റിനുശേഷം, ഭൂമിയിൽനിന്ന് 648.7 കിലോമീറ്റർ അകലെ, ആദിത്യ റോക്കറ്റിൽനിന്നു വേർപെടും. തുടർന്ന് 125 ദിവസത്തിനിടെ 4 തവണയായി ഭ്രമണപഥം ഉയർത്തിയാകും ലക്ഷ്യസ്ഥാനമായ ഒന്നാം ലെഗ്രാഞ്ചേ ബിന്ദുവിൽ എത്തുക. ഭൂമിയിൽനിന്ന് ഏകദേശം 15 ലക്ഷം കിലോമീറ്റർ അകലെയാണിത്. സൗര അന്തരീക്ഷത്തിന്റെ മുകൾഭാഗത്തെ ചൂടും അതുവഴിയുള്ള വികിരണം മൂലം ഭൂമിയുടെ അന്തരീക്ഷത്തിലും കാലാവസ്ഥയിലുമുണ്ടാകുന്ന മാറ്റവും 5 വർഷത്തോളം പഠിക്കും. വിവിധ പഠനങ്ങൾക്കായി വെൽക്, സ്യൂട്ട്, സോളക്സ്, ഹെലിയസ്, അസ്പെക്സ്, പാപ, മാഗ് എന്നീ 7 പേലോഡുകൾ ആദിത്യയിലുണ്ട്.

## രാജ്യത്തിന്റെ സാമ്പത്തിക വളർച്ച നിരക്ക് 7.8%

**ന്യൂഡൽഹി:** രാജ്യത്തിന്റെ സാമ്പത്തിക വളർച്ച നിരക്ക് നടപ്പു സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ 7.8%. കഴിഞ്ഞ 4 പാദത്തിലെ ഉയർന്ന നിരക്കാണിത്. ചില സേവന മേഖലകളിലുണ്ടായ ഉണർവാണ് ഇത്തവണ മെച്ചപ്പെട്ട വളർച്ച സമ്മാനിച്ചത്. ഇതേ കാലയളവിൽ ചൈനയുടെ വളർച്ച 6.3% മാത്രമാണ്.

ജനുവരി, മാർച്ചിൽ ഇന്ത്യയുടെ വളർച്ചനിരക്ക് 6.1 ശതമാനമായിരുന്നു. ആദ്യ പാദത്തിൽ 8% വളർച്ചയുണ്ടാകും എന്നായിരുന്നു റിസർവ് ബാങ്കിന്റെ അനുമാനം. ഇക്കൊല്ലം രാജ്യത്തിന്റെ വളർച്ച 6.5% എന്നാണ് ആർബിഐയുടെ പ്രവചനം. ഉൽപന്നങ്ങളും സേവനങ്ങളുമടക്കം രാജ്യത്തെ മൊത്തം സാമ്പത്തിക പ്രവർത്തനങ്ങളുടെ ആകെ മൂല്യമാണ് ജിഡിപി (മൊത്ത ആഭ്യന്തര ഉൽപാദനം).



കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിലുള്ള ജിഡിപിയിൽ നിന്ന് ഇത്തവണ എത്ര വർധനയുണ്ടായി എന്നതാണ് സാമ്പത്തിക വളർച്ച നിരക്കായി കണക്കാക്കുന്നത്. രാജ്യത്തിന്റെ കുതിപ്പും കിതപ്പും വ്യക്തമാക്കുന്നതാണ് ജിഡിപി വളർച്ചനിരക്ക്. രാജ്യത്തെ മൊത്ത ആഭ്യന്തര ഉൽപാദനം (ജിഡിപി) കഴിഞ്ഞ വർഷം ഏപ്രിൽ, ജൂണിൽ 37.44 ലക്ഷം കോടിയായിരുന്നത് ഇത്തവണ 40.37 ലക്ഷം കോടിയായി വർധിച്ചു. കാർഷികമേഖല മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു. കഴിഞ്ഞ വർഷം 2.4 ശതമാനമായിരുന്ന വളർച്ച ഇത്തവണ 3.5 ശതമാനമായി ഉയർന്നു. ധനകാര്യ, റിയൽ എസ്റ്റേറ്റ് സേവന മേഖലകൾ 8.5% ആയിരുന്നത് 12.2 ശതമാനമായി ഉയർന്നു. ഹോട്ടലുകൾ, വാണിജ്യ രംഗം, ഗതാഗതം തുടങ്ങിയവ കഴിഞ്ഞ വർഷം 25.7 ശതമാനമായിരുന്നെങ്കിൽ ഇത്തവണ 9.2 ശതമാനമായി കുറഞ്ഞു. ഉൽപാദനമേഖലയിലെ വളർച്ചയിലും ഇടിവുണ്ടായി. 6.1 ശതമാനമായിരുന്നത് 4.7 ആയി കുറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ധനക്കമ്മി സാമ്പത്തിക വർഷത്തിന്റെ ആദ്യ 4 മാസം കൊണ്ട് ബജറ്റിൽ ലക്ഷ്യമിട്ടതിന്റെ 33.9 ശതമാനത്തിലെത്തി. ഏപ്രിൽ, ജൂലൈ കാലയളവിൽ ധനക്കമ്മി 6.06 ലക്ഷം കോടി രൂപയാണ്. 17.86 ലക്ഷം കോടി രൂപയിൽ ധനക്കമ്മി നിർത്താനാണ് കേന്ദ്രം ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാരിന്റെ മൊത്ത ചെലവും വായ്പ ഒഴികെയുള്ള മൊത്ത വരുമാനവും തമ്മിലുള്ള അന്തരമാണിത്. കമ്മി നികത്തുന്നതു റിസർവ് ബാങ്കിൽ നിന്നും മറ്റും കടം വാങ്ങിയാണ്.

## കുടുംബശ്രീ ഓണച്ചന്ത വഴി 23 കോടിയുടെ വിൽപന

**തിരുവനന്തപുരം:** കുടുംബശ്രീയുടെ 1087 ഓണച്ചന്തകൾ വഴി ഇത്തവണ നടന്നത് 23.09 കോടി രൂപയുടെ വിൽപന. കഴിഞ്ഞ വർഷം 19 കോടിയായിരുന്നു. 3.25 കോടി രൂപയുടെ വിൽപന നടത്തിയ എറണാകുളം ജില്ലയാണ് ഒന്നാം സ്ഥാനത്ത്. ഏറ്റവും കൂടുതൽ മേളകൾ നടത്തിയത് മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിലാണ്. കുടുംബശ്രീയുടെ 20,990 സ്വയം സഹായക സംഘങ്ങളുടെയും 28,401 ചെറുകിട സംരംഭങ്ങളുടെയും ഉൽപന്നങ്ങൾ മേളയിൽ വിൽപന നടത്തി.

കുടുംബശ്രീ സംഘങ്ങൾ ഉൽപാദിപ്പിച്ച പൂക്കളുടെ വിൽപന ഇക്കുറി മേളകളിലെ പ്രധാന ആകർഷണമായിരുന്നു. 1819 വനിതാ കർഷക സംഘങ്ങൾ 780 ഏക്കറിലാണ് പൂക്കൃഷി നടത്തിയത്. കഴിഞ്ഞ വർഷം 128 ഏക്കറിലായിരുന്നു.



# ഉത്രട്ടാതി ജലോത്സവം ഇന്ന്

**ആറന്മുള:** ഉത്രട്ടാതി ജലോത്സവം ഇന്നു പന്പാനദിയുടെ നെട്ടായത്തിൽ നടക്കും. അലങ്കാരങ്ങൾ അണിഞ്ഞും മുത്തുക്കുടകൾ ചൂടിയും എത്തുന്ന പന്പയുടെ ജലരാജാക്കൻമാരുടെ ഉത്സവമാണ് ഇന്ന്. പന്പയുടെ ഇരുകരകളിലെയും 52 പള്ളിയോടങ്ങളാണ് ഇത്തവണ ജലോത്സവത്തിനെത്തുന്നത്.



ആറന്മുളയിലെ വള്ളസദ്യകളുമായി ബന്ധപ്പെട്ട് ഒരു മാസത്തിലേറെയായി പന്പാനദിയിൽ നീരണിഞ്ഞിട്ടുള്ള പള്ളിയോടങ്ങൾ ഉത്രട്ടാതി ജലോത്സവത്തിനായുള്ള തയാറെടുപ്പുകൾ നേരത്തെതന്നെ പൂർത്തീകരിച്ചിട്ടുണ്ട്.ഇതിനു മുന്പായി നിരവധി ചെറു ജലോത്സവങ്ങളിലും പള്ളിയോടങ്ങൾ പങ്കെടുത്തു. ഉത്രട്ടാതി ജലോത്സവത്തിൻറെ ഐതിഹ്യം ഉൾക്കൊള്ളുന്ന തിരുവോണത്തോണിയുടെ യാത്രയിലും പള്ളിയോടങ്ങൾ അകന്പടിയായി. സത്രക്കടവിലും താഴെയുമൊക്കെയായി മാറ്റിയിട്ടിരിക്കുന്ന പള്ളിയോടങ്ങൾ ജലഘോഷയാത്രയ്ക്കായി ഇന്നു രാവിലെതന്നെ തയാറാകും.

രാവിലെ 9.30ന് ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ പതാക ഉയർത്തുന്നതോടെ ജലോത്സവ ചടങ്ങുകൾ ആരംഭിക്കും. ജലോത്സവത്തിനായി എത്തുന്ന പള്ളിയോടങ്ങൾ ക്ഷേത്രക്കടവിലെത്തി ആചാരപരമായ ചടങ്ങുകൾ പൂർത്തീകരിക്കും. പിന്നീടാണ് ജലഘോഷയാത്രയ്ക്കായി തയാറാകുക.

2017നുശേഷം നടക്കുന്ന മത്സര വള്ളംകളി എന്ന പ്രത്യേകതയും ഇത്തവണത്തെ ജലോത്സവത്തിനുണ്ട്. എ ബാച്ചിൽ 36 പള്ളിയോടങ്ങളും ബി ബാച്ചിൽ 16 പള്ളിയോടങ്ങളുമാണുള്ളത്. കാട്ടൂർ കരയുടേതാണ് പുതിയ പള്ളിയോടം.

വലിപ്പത്തിൽ മുന്നിൽ നിൽക്കുന്നവയാണ് എ ബാച്ച് പള്ളിയോടങ്ങൾ. ജലഘോഷയാത്രയിലും ഈ പള്ളിയോടങ്ങളാണ് ആദ്യം നീങ്ങുക. നാലു വീതമുള്ള ഒന്പത് ഗ്രൂപ്പുകൾ എ ബാച്ച് പള്ളിയോടങ്ങൾക്കും നാലു ഗ്രൂപ്പുകൾ ബി ബാച്ച് പള്ളിയോടങ്ങൾക്കുമുണ്ടാകും. നദിയിലെ ജലനിരപ്പ് കുറവായതിനാൽ മത്സരം നടക്കുമോ എന്ന ആശങ്ക സംഘാടകരിലും കരക്കാരിലുമുണ്ട്. എന്നാൽ, രണ്ടു ദിവസമായി പെയ്യുന്ന മഴയും നെട്ടായത്തിലെ മൺപുറ്റ് പൂർണമായി നീക്കിയതും കാരണം വെള്ളം ഉറപ്പാക്കാനാകുമെന്നാണ് പ്രതീക്ഷ.

മണിയാർ ഡാം തുറന്നു വെള്ളം എത്തിക്കുമെന്നു ജലസേചനവകുപ്പും അറിയിച്ചിട്ടുണ്ട്. 900 പേർക്ക് ഇരിക്കാവുന്ന പവലിയനാണ് ജലോത്സവ നഗറിൽ സജ്ജീകരിച്ചിരിക്കുന്നത്. ആറന്മുള ജലോത്സവത്തിൽ എ, ബി ബാച്ചുകളിൽ ഒന്നാം സ്ഥാനം നേടുന്ന പള്ളിയോടങ്ങൾക്കു നായർ സർവീസ് സൊസൈറ്റി ഏർപ്പെടുത്തിയിട്ടുള്ള മന്നം ട്രോഫിയാണ് സമ്മാനിക്കുക. ജലഘോഷയാത്രയിലെ പ്രകടനത്തിനും ട്രോഫികളുണ്ടാകും.

എസ്എൻഡിപി യോഗം ഏർപ്പെടുത്തിയ ആർ. ശങ്കർ സുവർണ ട്രോഫി, തിരുവിതാംകൂർ ദേവസ്വം ബോർഡ് ട്രോഫി, ജില്ലാ പഞ്ചായത്ത് ട്രോഫി, ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി, തോഷിബ ആനന്ദ് ട്രോഫി, നർമദാ ട്രോഫി, കൃഷ്ണൻ ആചാരിആർജുനൻ ആചാരി സ്മാരക ട്രോഫി, പി.കെ. ബാലകൃഷ്ണൻ സ്മാരക ട്രോഫി, റോട്ടറി, ഗോവിന്ദപിള്ള സ്മാരക ട്രോഫി, സെൻട്രൽ ബാങ്ക് ട്രോഫി, ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ ട്രോഫി, ആറന്മുള പൊന്നമ്മ സ്മൃതി ട്രോഫി, താമരവേലിൽ വേലായുധൻപിള്ള ട്രോഫി, ചങ്ങംകരി തങ്കപ്പനാചാരി സ്മാരക ട്രോഫി, വെൺപാല പദ്മകുമാർ സ്മാരക ട്രോഫി എന്നിവ ഉൾപ്പെടെ 26 ട്രോഫികളാണ് വിവിധ വിജയികൾക്ക്നൽകുന്നത്.

ജലഘോഷയാത്രയെത്തുടർന്ന് പരപ്പുഴ കടവിൽനിന്നു സത്രക്കടവിലേക്കു മത്സര വള്ളംകളി ആരംഭിക്കും. ഹീറ്റ്സ് മത്സരങ്ങളിൽ ഏറ്റവും കുറഞ്ഞ വേഗത്തിൽ തുഴഞ്ഞെത്തുന്ന പള്ളിയോടങ്ങളെയാകും സെമി ഫൈനൽ, ഫൈനൽ മത്സരങ്ങളിലേക്കു തെരഞ്ഞെടുക്കുക.

എ, ബി ബാച്ചുകളിലായി 48 പള്ളിയോടങ്ങളാണ് മത്സര വള്ളംകളിയിൽ പങ്കെടുക്കുന്നത്. എ ബാച്ചിൻറെ ഹീറ്റ്സ്, സെമി ഫൈനൽ, ഫൈനൽ മത്സരങ്ങളും ബി ബാച്ചിൻറെ ഹീറ്റ്സ്, ഫൈനൽ മത്സരങ്ങളുമാണ് നടക്കുന്നത്.

# നിർമാണ ടെൻഡർ ക്ഷണിച്ചു 2025ൽ കാക്കനാട്ടേക്ക് മെട്രോ എത്തും!

**കൊച്ചി:** പാലാരിവട്ടത്തു നിന്ന് കാക്കനാട്ടേക്കുള്ള മെട്രോ റെയിലിൻറെ രണ്ടാംഘട്ട നിർമാണ ജോലികൾക്കുള്ള ടെൻഡറുകൾ ക്ഷണിച്ചതായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ അറിയിച്ചു. ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഈ വർഷം ഡിസംബറോടെ നിർമാണം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. മറ്റ് തടസങ്ങളൊന്നും ഉണ്ടായില്ലെങ്കിൽ 24 മാസംകൊണ്ട് നിർമാണം പൂർത്തിയാക്കി 2025 ഡിസംബറിൽ കാക്കനാട്ടേക്ക് മെട്രോ ഓടിച്ചു തുടങ്ങുമെന്നും അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞു.

20 മാസം കൊണ്ട് നിർമാണ ജോലികളും നാല് മാസംകൊണ്ട് ഇലക്ട്രിക്കൽ സിഗ്നലിംഗ് ജോലികളും പൂർത്തിയാക്കുകയാണ് ലക്ഷ്യം. ആറ് സ്ഥലങ്ങളിൽ ഒരേ സമയം നിർമാണം കേന്ദ്രീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇതിനോടൊപ്പം നാല് സ്റ്റേഷനുകളുടെയും നിർമാണവും നടക്കും. സ്ഥലപരിമിതിയുള്ള ആറ് സ്റ്റേഷനുകളിൽ യാത്രക്കാർക്ക് നേരിട്ട് പ്ലാറ്റ്ഫോമിലേക്ക് എത്തുന്നവിധമാകും പ്രവേശനം ക്രമീകരിക്കുക.

പിങ്ക് ലൈൻ എന്ന് പേരിട്ടിരിക്കുന്ന കാക്കനാട് റൂട്ടിൽ പേപ്പർ ടിക്കറ്റ് ഒഴിവാക്കി പൂർണമായും ഡിജിറ്റൽ ടിക്കറ്റിംഗ് രീതിയാകും നടപ്പാക്കുകയെന്നും അദ്ദേഹം പറഞ്ഞു.

വാണിജ്യ സ്ഥലവും പാർക്കിംഗ് സ്ഥലവും ഒന്നാം ഘട്ടത്തിലേതിനെ അപേക്ഷിച്ച് കുറവായിരിക്കും. മെച്ചപ്പെട്ട സുരക്ഷയ്ക്കായി പ്ലാറ്റ്ഫോം സ്ക്രീൻ ഗേറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതയും കെഎംആർഎൽ പരിശോധിക്കുന്നുണ്ട്.

ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ബാങ്കി(എഐഐബി)ൻറെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. 1016.24 കോടി രൂപ എഐഐബി വായ്പയായി നൽകും. ശേഷിക്കുന്ന തുകയിൽ 338.75 കോടി കേന്ദ്ര വിഹിതവും 555.18 കോടി സംസ്ഥാന വിഹിതവുമാണ്.

നിർമാണം ആരംഭിക്കുന്ന ഘട്ടത്തിൽ റോഡിൽ എട്ട് മീറ്റർ മീഡിയൻ ആണ് ആവശ്യമായി വരുന്നത്. സുഗമമായ ഗതാഗതത്തിനായി ഇരുവശത്തും 5.5 മീറ്റർ കാര്യേജ് വേ ഉറപ്പാക്കും.

പദ്ധതി നിർമാണത്തിനായി സ്വകാര്യ ഭൂമി ഏറ്റെടുക്കലും അവസാനഘട്ടത്തിലാണ്. സർക്കാർ ഭൂമി മെട്രോ നിർമാണത്തിനായി കെഎംആർഎലിന് വിട്ടുനൽകുന്നതിന് അനുമതി ആയതായും ബെഹ്റ അറിയിച്ചു.





# ശബരിമല വിമാനത്താവളം: അന്തിമ വിജ്ഞാപനം ഉടൻ

**എരുമേലി:** ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുടെ സ്ഥലമെടുപ്പു സംബന്ധിച്ച അന്തിമ വിജ്ഞാപനം ഉടനുണ്ടാകുമെന്നു സൂചന. അതേസമയം ഇക്കാര്യം അറിഞ്ഞിട്ടും ചെറുവള്ളി എസ്റ്റേറ്റിൽ റബർ മരങ്ങൾ മുറിച്ചു നീക്കിയ ഏക്കർ കണക്കിന് സ്ഥലങ്ങളിൽ കൈതകൃഷി ആരംഭിക്കുന്നതിനു നീക്കം.

നിർദിഷ്ട വിമാനത്താവളപദ്ധതി മൂലം പ്രദേശത്തുണ്ടായേക്കാവുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ വിലയിരുത്തി വിദഗ്ധസമിതി സമർപ്പിച്ച റിപ്പോർട്ടിൻറെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. ഇതു പൂർത്തിയായാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അന്തിമ വിജ്ഞാപനത്തിലേക്ക് നടപടികൾ എത്തും. ദിവസങ്ങൾക്കുള്ളിൽ റിപ്പോർട്ടിൽ പരിശോധന പൂർത്തിയാകും. റിപ്പോർട്ടിലെ ശിപാർശകൾ പരിഗണിച്ചാണ് ഇനി അന്തിമ വിജ്ഞാപനം സർക്കാർ പുറപ്പെടുവിക്കുക.

ഒരു മാസത്തിനകം അന്തിമ വിജ്ഞാപനം ഉണ്ടാകുമെന്നാണു സൂചന. വിജ്ഞാപനത്തിനു ശേഷം ഏറ്റെടുക്കുന്ന സ്ഥലങ്ങളുടെ വില, നഷ്ടപരിഹാര പുനരധിവാസ പാക്കേജുകൾ, തൊഴിൽ, പുനരാധിവാസം, നഷ്ടപ്പെട്ടേക്കാവുന്ന പരിസ്ഥിതി സാംസ്കാരിക പൈതൃകങ്ങൾക്കു പകരം തത്തുല്യമായ സംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടെ വിവിധ തലങ്ങളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ എന്നിവ പ്രഖ്യാപിക്കാനാണ് നീക്കം.

ചെറുവള്ളി എസ്റ്റേറ്റ് മുഴുവനായി ഏറ്റെടുക്കുന്നതിനാൽ എസ്റ്റേറ്റിലെ തൊഴിലാളികളെയും സർക്കാർ ഏറ്റെടുക്കേണ്ടിവരും. എസ്റ്റേറ്റിൽ പൊളിച്ചുമാറ്റേണ്ടി വരുന്ന ആരാധനാലയങ്ങൾക്കു പകരം പുനർ നിർമാണം നടത്തുന്നതു സംബന്ധിച്ചും അങ്ങനെയെങ്കിൽ അത് എവിടെ സാധ്യമാക്കണമെന്നതു സംബന്ധിച്ചും പാക്കേജുകളുടെ രൂപരേഖയിൽ വ്യക്തത നൽകേണ്ടി വരും.

പാലാ സബ് കോടതിയിൽ സർക്കാരുമായി എസ്റ്റേറ്റിൻറെ ഉടമസ്ഥ തർക്കം നിലനിൽക്കുന്നതിനാൽ പരിഹാരധാരണ സ്വീകരിക്കാതെ എസ്റ്റേറ്റ് ഏറ്റെടുക്കൽ സാധ്യമാകില്ല. എസ്റ്റേറ്റിനു പുറത്ത് 307 ഏക്കർ സ്ഥലം സ്വകാര്യവ്യക്തികളിൽ നിന്ന് ഏറ്റെടുക്കുന്നതിനും പാക്കേജ് പ്രഖ്യാപിക്കണം. ഈ പാക്കേജിൽ എല്ലാ തലങ്ങളും പ്രതിപാദ്യമാകണം. വീടുകൾ നഷ്ടപ്പെടുന്നവർക്ക് പ്രഥമ പരിഗണന ലഭ്യമാകണം. സ്ഥലം നഷ്ടപ്പെടുന്നവർക്ക് വില ഉൾപ്പെടെ പാക്കേജ് അനുവദിക്കണം. മരങ്ങൾ മുറിച്ചുനീക്കുന്നതിൻറെ നഷ്ടപരിഹാരവും ഉൾപ്പെടണം.

2013ൽ പാസാക്കിയ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമാണ് പാക്കേജുകൾ തയാറാക്കുകയെന്ന് സർക്കാർ നേരത്തേ വ്യക്തമാക്കിയിരുന്നു. പൊതു ആവശ്യങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ ഈ നിയമം മുൻനിർത്തിയാണ് നടപടികൾ സ്വീകരിക്കേണ്ടത് എന്നതിനാൽ മികച്ച നിലയിലുള്ള നഷ്ടപരിഹാരമാണ് ലഭ്യമാവുക. നിലവിലുള്ള വിപണി മൂല്യവും മൂന്നു വർഷത്തിനിടെ മേഖലയിൽ നടന്ന സ്ഥലം വിൽപന രജിസ്ട്രേഷനിൽ ലഭിച്ച മുന്തിയ വിലയും ദേശീയപാതയ്ക്ക് സ്ഥലം നൽകുന്നതിലുള്ള ഉയർന്ന നിരക്കും ആസ്പദമാക്കിയാണ് സ്ഥലങ്ങൾക്ക് വില നിശ്ചയിക്കുക.

അന്തിമ വിജ്ഞാപനം പ്രാബല്യത്തിലായതു മുതലുള്ള ബാങ്ക് നിരക്ക് പലിശ കൂടി നഷ്ടപരിഹാരം അനുവദിക്കുമ്പോൾ ലഭിക്കും. രണ്ടോ മൂന്നോ ഘട്ടമായാണ് തുക കൈമാറുന്നതെങ്കിൽ അതുവരെയുള്ള പലിശയും ലഭിക്കുമെന്ന് റവന്യു വകുപ്പ് ഉദ്യോഗസ്ഥർ പറയുന്നു.

അന്തിമവിജ്ഞാപനം വരുന്നതോടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് സ്പെഷൽ റവന്യു ഓഫീസ് ആരംഭിക്കേണ്ടിവരും. സ്ഥലങ്ങളുടെ മൂല്യം പരിശോധിച്ച് വില നിർണയിക്കൽ ഉൾപ്പെടെ നടപടികൾ ഈ ഓഫീസിലാണ് സ്വീകരിക്കുക.

സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകണമെങ്കിൽ നിലവിൽ സ്ഥലം ഉടമകൾ ഹൈക്കോടതിയിൽ നൽകിയ കേസിൽ തീർപ്പുണ്ടാകണം. ഈ കേസിൽ നടപടികൾ ഏകദേശം മുന്നോട്ടു പോയിട്ടുണ്ട്. സർക്കാർ നൽകിയ ഉറപ്പുകൾ മുൻനിർത്തി സ്ഥലം ഏറ്റെടുക്കലിൽ കോടതിയിൽ കൂടുതൽ വ്യക്തത കൈവന്നാൽ കേസിൽ പെട്ടെന്നു തീർപ്പ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ചെറുവള്ളി എസ്റ്റേറ്റ് പൂർണമായും ഏറ്റെടുക്കുമെന്നിരിക്കെ ഇത് കണക്കിലെടുക്കാതെ എസ്റ്റേറ്റിൽ പുതിയ കൈതകൃഷിക്കുള്ള മണ്ണൊരുക്കൽ ആരംഭിച്ചിരിക്കുകയാണ് മാനേജ്മെൻറ്. മുമ്പ് റബർ മരങ്ങൾ മുറിച്ചു നീക്കിയ സ്ഥലങ്ങളിൽ ആരംഭിച്ച കൈതകൃഷിയും റബർത്തൈ പ്ലാൻറേഷനും തുടർന്നു കൊണ്ടിരിക്കെയാണ് കഴിഞ്ഞയിടെ മരങ്ങൾ മുറിച്ചുനീക്കിയ സ്ഥലങ്ങളിലും കൈതകൃഷിക്ക് ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നത്.

അതേസമയം കൈതകൃഷിക്ക് നേരത്തേ കരാർ നൽകിയിരുന്നതാണെന്ന് കരാറുകാർ പറയുന്നു. സ്ഥലം ഏറ്റെടുക്കൽ നടന്നാൽ കൃഷി അവസാനിപ്പിക്കേണ്ടി വരും. അങ്ങനെയായാൽ തങ്ങൾക്ക് നഷ്ടപരിഹാരം മാനേജ്മെൻറ് നൽകുമെന്ന് കരാറുകാർ പറയുന്നു.

## തിരുനക്കര ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് ആറിന് പൊളിച്ചു തുടങ്ങും

**കോട്ടയം:** തിരുനക്കര ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് ആറിന് പൊളിച്ചുതുടങ്ങും. ഇതു സംബന്ധിച്ച് മുനിസിപ്പാലിറ്റിയിൽ ചേർന്ന യോഗത്തിൽ കൊല്ലം കേന്ദ്രീകരിച്ച കമ്പനിയുമായി കരാർ ഒപ്പിട്ടു.

സ്ഥലം കരാറുകാരനു കൈമാറി. പൊളിക്കലിനായി താത്കാലിക വൈദ്യുതി കണക്ഷൻ എടുക്കും. 45 ദിവസത്തിനുള്ളിൽ കെട്ടിടംപൊളിക്കൽ പൂർത്തിയാക്കണമെന്നാണ് പ്രധാന നിർദേശം.

രണ്ടാഴ്ച മുന്പ് കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾകൂടി ഉൾപ്പെടുത്തിയാണ് കരാർ രൂപീകരിച്ചത്. ഈ യോഗത്തിൽ നഗരസഭാ ഉദ്യോഗസ്ഥരും ട്രാഫിക് പോലീസും പങ്കെടുത്തിരുന്നു.

പൊളിക്കൽ നടപടി 45 ദിവസം കൊണ്ടു പൂർത്തീകരിക്കണമെന്നു യോഗത്തിൽ കളക്ടർ നിർദേശിച്ചിരുന്നു. ബസ് സ്റ്റാൻഡിൻറെ ഉൾഭാഗത്തും ആര്യാസ് റെസ്റ്റോറൻറിനോടു ചേർന്നു വരുന്ന കെട്ടിടവും തിരുനക്കര ക്ഷേത്രം റോഡിൽവരുന്ന കെട്ടിടവും പകൽസമയങ്ങളിൽ പൊളിക്കാമെന്നാണ് തീരുമാനം.

ലേല നടപടികൾ പൂർത്തിയാവാത്തതിനാൽ കല്പക സൂപ്പർ മാർക്കറ്റ് തത്കാലം ഒഴിവാക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ഇതു പിന്നീട് പ്രത്യേകം ലേലം ചെയ്യും.

കെട്ടിടം പൊളിക്കൽ ആരംഭിക്കുന്ന ദിവസം മുതൽ നഗരത്തിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തും.

## ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാരത്തുക നൽകലും അടുത്തമാസം മുതൽ

**കല്ലടിക്കോട്:** പാലക്കാട്  കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കലിനും നഷ്ടപരിഹാരം നൽകുന്നതിനും നടപടികൾ അതിവേഗം പുരോഗമിക്കുന്നു.

കഴിഞ്ഞ മേയ് 31ന് അനുമതി ലഭിച്ച ദേശീയപാതയ്ക്കായി പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ വിഭാഗം ഓഫീസുകൾ ദ്രുതഗതിയിലാണ് പ്രവർത്തിക്കുന്നത്.

പാലക്കാട് മരുതറോഡ് മുതൽ കോഴിക്കോട് ഇരിങ്ങല്ലൂർ വരെ 121 കിലോമീറ്റർ നീളമുള്ളതാണ് റോഡ്. മരുതറോഡ്  കരിമ്പ (30.720 കി.മീ), കരിമ്പ  എടത്തനാട്ടുകര (30.720 കി.മീ), എടത്തനാട്ടുകര കാരാക്കുന്ന് (26.490 കി.മീ), കാരാക്കുന്ന് വാഴയൂർ (25.070 കി.മീ), വാഴയൂർ ഇരിങ്ങല്ലൂർ (8.006 കി.മീ) എന്നീ അഞ്ച് റീച്ചുകളായാണ് പുതിയ പാത നിർമാണം.

പാലക്കാട്  275 ഹെക്ടർ, മലപ്പുറം 238 ഹെക്ടർ, കോഴിക്കോട് 36 ഹെക്ടർ എന്നിങ്ങനെയാണ് ഭൂമി ഏറ്റെടുക്കുക. മൂന്നുജില്ലകളിലും റോഡ് നിർമാണത്തിന് ദേശീയപാത അഥോറിറ്റി ടെൻഡർ ക്ഷണിച്ചു. പാലക്കാട്, മണ്ണാർക്കാട് താലൂക്കുകളിലെ 21 വില്ലേജിലൂടെയാണ് പാലക്കാട് ജില്ലയിൽ പാത കടന്നുപോകുന്നത്. മരുതറോഡ്, പാലക്കാട്2, മലമ്പുഴ1, 2, അകത്തേത്തറ, പുതുപ്പരിയാരം1, 2, മുണ്ടൂർ1, 2, കരിമ്പ 1, 2, തച്ചമ്പാറ, കാരാകുറുശി, പൊറ്റശേരി1, മണ്ണാർക്കാട്1, 2, പയ്യനെടം, കോട്ടോപ്പാടം1, 2, 3, അലനല്ലൂർ3 എന്നീ വില്ലേജുകളിലാണ് ഭൂമി ഏറ്റെടുക്കുന്നത്.

നഷ്ടപരിഹാരം നൽകാനായി ഭൂമി, കെട്ടിടം, മരം, കാർഷിക വിളവുകൾ എന്നിവയുടെ വിശദമായ വിലനിർണയം നടക്കുകയാണ്. മരുതറോഡ്, പാലക്കാട്2, കരിമ്പ 2, കാരാകുറുശി, പയ്യനെടം, മണ്ണാർക്കാട്1, കോട്ടോപ്പാടം2 എന്നീ വില്ലേജുകളിലെ വിശദമായ വിലനിർണയ സ്റ്റേറ്റ്മെൻറ് (ഡിവിഎസ്) ദേശീയപാത അഥോറിറ്റിക്ക് ഭൂമി ഏറ്റെടുക്കൽ വിഭാഗം നൽകി.

പാലക്കാട്2 വില്ലേജിൽ 42.18 കോടി രൂപ, പയ്യനെടം97.28 കോടി, മണ്ണാർക്കാട്6.37 കോടി എന്നിങ്ങനെ തുക അനുവദിച്ചു. തുക ഉടൻ ഭൂവുടമകൾക്ക് കൈമാറുമെന്നും അധികൃതർ പറഞ്ഞു

## എൻഐടിസി സ്ഥാപകദിനം ആഘോഷിച്ചു

**മുക്കം:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാലിക്കറ്റിൻറെ 63ാമത് സ്ഥാപക ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു.

1961 സെപ്റ്റംബർ ഒന്നിന് റീജിയണൽ എഞ്ചിനീയറിംഗ് കോളജ് (ആർഇസി) കാലിക്കട്ട് ആയി സ്ഥാപിതമായതിൻറെ വാർഷികത്തോടനുബന്ധിച്ചാണ് വിവിധ പരിപാടികൾ സംഘടിപ്പിച്ചത്. ഇതിൻറെ ഭാഗമായി പ്രഫ.കേശവ റാവു സ്മാരക ക്ലോക്ക് ടവറിന് എൻഐ ടി കോഴിക്കോട് ബോർഡ് ഓഫ് ഗവർണേഴ്സ് ഗജ്ജാല യോഗാനന്ദ് തറക്കല്ലിട്ടു.

ഡിഫെൻസ് റിസേർച് ആൻഡ് ഡെവലപ്മെൻറ് ഓർഗനൈസേഷനിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിൻറെ ഡയറക്ടർ ജനറൽ ആയ ഡോ. ബി.കെ. ദാസ് സ്ഥാപകദിന പരിപാടിയിൽ മുഖ്യാതിഥി ആയിരുന്നു.

എൻഐടിസിയുടെ 13 വകുപ്പുകളുടെ ഇന്നൊവേഷനുകളുടെയും ഗവേഷണ പ്രവർത്തനങ്ങളുടെയും പ്രദർശനം 'സ്കൈലൈറ്റ്' എന്ന പേരിൽ നടന്നു. വിവിധ ഡിപ്പാർട്ട്മെൻറുകളുടെ ശക്തിയും ഗവേഷണ ഫലങ്ങളും എക്സ്പോയിൽ പ്രദർശിപ്പിച്ചു.

## തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ എൽബിഎസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കളമശ്ശേരി മേഖല കേന്ദ്രത്തിൽ സെപ്റ്റംബർ 4ന് ആരംഭിക്കുന്ന 'പോസ്റ്റ്ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ' (യോഗ്യതബിരുദം), 'പോസ്റ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ' (യോഗ്യത ഡിപ്ലോമ), 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ' (യോഗ്യത ടടഘഇ), 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സോഫ്റ്റ് വെയർ)' (യോഗ്യത+2), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ' (യോഗ്യത ടടഘഇ), 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്' (യോഗ്യത+2കൊമേഴ്സ്) എന്നീകോഴ്സുകളിലേക്ക് **www.lbscetnre.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാം. പട്ടികജാതി, പട്ടികവർഗം മറ്റ് അർഹതപ്പെട്ട സമുദായങ്ങളിൽപെടുന്ന വിദ്യാർത്ഥികൾക്ക് നിയമാനുസൃതഫീസാനുകൂല്യം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക. 7025310574 ,8921234382

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം

**കൊച്ചി:** സെന്റർ ഫോർ കിന്യൂയിങ് എജുക്കേഷൻ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ തിരുവനന്തപുരം, ആലുവ (എറണാകുളം) കേന്ദ്രങ്ങളിൽ സെപ്റ്റംബർ 25ന് തുടങ്ങുന്ന സിവിൽ സർവീസ് പരീക്ഷാ പരിശീലന കോഴ്സായ പ്രിലിംസ് കം മെയിൻസ് സെപ്റ്റംബർ ബാച്ചിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. സെപ്റ്റംബർ 20ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ നടത്തുന്ന പ്രവേശന പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം സരെമൈ.ീൃഴ യിൽ ലഭ്യമാണ്. രജിസ്ട്രേഷൻ ഫീസ് 200 രൂപ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. തിരുവനന്തപുരം 8281098863. ആലുവ 8281098873.

## വാക് ഇൻ ഇന്റർവ്യൂ

**കൊച്ചി** : സംസ്ഥാന വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ കോമ്പാറയിൽ പ്രവർത്തിക്കുന്ന ആഫ്റ്റർ കെയർ ഹോംസിൽ ഹോം മാനേജർ, കെയർ ടേക്കർ എന്നീ തസ്തികകളിലേക്കും ഹോളിക്രോസ് എൻട്രി ഹോം ഫോർ ഗേൾസിലേക്ക് സൈക്കോളജിസ്റ് (പാർട്ട് ടൈം), സെക്യൂരിറ്റി എന്നീ തസ്തികകളിലേക്കും ഇന്റർവ്യൂ നടത്തുന്നു. സെപ്റ്റംബർ 15 ന് ഉച്ചക്ക് 2 ന് എറണാകുളം കളക്ടറേറ്റിലാണ് ഇന്റർവ്യൂ. ഉദ്യോഗാർത്ഥികൾ ബയോഡേറ്റയും നിശ്ചിത യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സഹിതം അന്നേ ദിവസം ഉച്ചക്ക് 1.30 ന് മുൻപായി ജില്ലാ വനിത ശിശു വികസന ഓഫീസിൽ ഹാജരാകണം.ഫോൺ : 0484 2391820

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി** :വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൈപ്പിൻ ഐ സി ഡി എസ് പ്രൊജക്ടിലേക്ക് കാർ, ജീപ്പ് തുടങ്ങിയ വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാക്കാൻ തയ്യാറുള്ള വ്യക്തികളിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 18 ഉച്ചക്ക് 1ന്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ വൈപ്പിൻ ഐ സി ഡി എസ് ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ : 0484 2496656

## ജോലി ഒഴിവ്

**കൊച്ചി:** ജില്ലയിലെ ഒരു അർദ്ധസർക്കാർ സ്ഥാപനത്തിൽ കാർപെന്റർ ( ഹെൽപ്പർ) തസ്തികയിൽ ഒരു താൽക്കാലിക ഒഴിവ്. മുസ്ലിം സമുദായത്തിനായി സംവരണം ചെയ്യപ്പെട്ട താൽക്കാലിക ഒഴിവിലേക്ക് താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ സെപ്റ്റംബർ 11ന് മുമ്പ് അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം. വിദ്യാഭ്യാസ യോഗ്യത: എസ്.എസ്.എൽ.സി, കാർപെന്റർ ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, കാർപെന്ററായി രു വർഷത്തെ പ്രവർത്തി പരിചയം എന്നിവ ഹാജരാക്കണം. പ്രായപരിധി 18 മുതൽ 41 വയസ്സ് വരെയുള്ളവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾക്ക് നിയമാനുസൃതമായ വയസിളവ് അനുവദിക്കും.

# ചങ്ങമ്പുഴ പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി



**കൊച്ചി:** ജനപ്രതിനിധികൾ ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന്റെ ഫലമാണ് ചങ്ങമ്പുഴക്ക് മഹത്തായ സാംസ്കാരിക കേന്ദ്രം ഒരുക്കാൻ സാധിച്ചതെന്ന് ജിസിഡിഎ മുൻ ചെയർമാൻ കെ.ബാലചന്ദ്രൻ പറഞ്ഞു. ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് നവീകരണ പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. നിരവധി സാംസ്കാരിക സദസുകൾ ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിന്റെ ഭാഗമാണ്. നൃത്ത, സംഗീത സദസുകൾ, സീനിയർ സിറ്റിസൺ ഫോറം, ചെറുകഥ സദസുകൾ, കാവ്യമൂല, അക്ഷര ശ്ലോക സദസുകൾ എന്നിങ്ങനെ നിരവധി സാംസ്കാരിക പരിപാടികൾക്ക് വേദിയാണ് ചങ്ങമ്പുഴ പാർക്ക്. ഇവിടത്തെ കലാ സദസുകൾ അതത് മേഖലകളിൽ നിന്നും ഏറ്റവും മികച്ചവരെ ഉൾപ്പെടുത്തിയാണ് സംഘടിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.ചങ്ങമ്പുഴയെ പോലെ ഒരു കവി നമ്മുടെ അഭിമാനമാണ്. 37 വർഷം കൊണ്ട് 37 പുസ്തകങ്ങൾ രചിച്ചു. ചങ്ങമ്പുഴയെ കൂടാതെ ഇടപ്പള്ളി രാഘവൻപിള്ള, വൈലോപ്പിള്ളി ശ്രീധരമേനോൻ, ജി ശങ്കരക്കുറുപ്പ് എന്നിവരുടെയെല്ലാം പ്രവർത്തനങ്ങൾ കൊണ്ട് സമ്പന്നമാണ് കൊച്ചി. ഇവർക്കെല്ലാം ഉതകുന്ന ഒരു സാംസ്കാരിക സമുച്ചയം തീർക്കേണ്ടത് നമ്മുടെ ആവശ്യമാണ്. ഒരു സാംസ്കാരിക തലസ്ഥാനത്തിന് യോജിച്ച എല്ലാ ഗുണങ്ങളും ചേർന്ന സ്ഥലമാണ് കൊച്ചി. സർക്കാർ പിന്തുണയും എല്ലാവരുടെയും കൂട്ടായ പ്രവർത്തനവും ഉണ്ടെങ്കിൽ ഇത്തരത്തിൽ ഒരു സമുച്ചയം നമുക്ക് ആരംഭിക്കാമെന്നും അദ്ദേഹം പറഞ്ഞു. രണ്ട് ഏക്കറിൽ നിലകൊള്ളുന്ന പ്രദേശത്ത് പരിസ്ഥിതിയെ പരിപാലിച്ച് ഒരു മരച്ചില്ല പോലും മുറിക്കാതെയുള്ള നവീകരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്നും കെ.ബാലചന്ദ്രൻ പറഞ്ഞു.4.01 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ സാമ്പത്തിക സഹായത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്. രണ്ട് ഏക്കർ വരുന്ന പ്രദേശത്ത് ആറ് മാസംകൊണ്ട് നവീകരണ പ്രവർത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഒരു ദിവസം പോലും പാർക്ക് പൂർണ്ണമായും അടച്ചിടാതെ, സാംസ്കാരിക പരിപാടികൾക്ക് മുടക്കം വരാതെ തന്നെ നവീകരണം സമയബന്ധിതമായി തീർക്കുന്ന രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.ചങ്ങമ്പുഴ പാർക്കിൽ നടന്ന ചടങ്ങിൽ ജിസിഡിഎ ചെയർമാൻ കെ.ചന്ദ്രൻപിള്ള അധ്യക്ഷത വഹിച്ചു. മേയർ അഡ്വ. എം അനിൽ കുമാർ, ഹൈബി ഈഡൻ എം പി, ഉമ തോമസ് എംഎൽഎ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട് കൊച്ചിൻ സെന്റർ ചെയർമാൻ സെബാസ്റ്റ്യൻ ജോസ്, ജിസിഡിഎ എക്സിക്യൂട്ടീവ് അംഗങ്ങളായ എ. ബി സാബു, കെ. കെ ഷിബു, ജില്ലാ പഞ്ചായത്ത് അംഗം എ.എസ് അനിൽകുമാർ, കൗൺസിലർ ശാന്താ വിജയൻ, ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം പ്രസിഡന്റ് പി. പ്രകാശ്, സെക്രട്ടറി ടി ജി രവികുമാർ, ജിസിഡിഎ സെക്രട്ടറി ടി. എൻ രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചി നഗരസഭയിലെ കുടിവെള്ളക്ഷാമം: അടിയന്തിര യോഗം ചേർന്നു

**കൊച്ചി:**കൊച്ചി നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ നേരിടുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനായി മേയർ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്തു.നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി അമൃത് ഉൾപ്പെടെയുള്ള വിവിധ പ്രോജക്ടുകളിലൂടെ കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് നഗരസഭ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് എന്നിട്ടും നഗരസഭാ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ വിധത്തിലുള്ള മാറ്റങ്ങൾ വരുത്തുവാനായിട്ടില്ലെന്നും, ഓണക്കാലത്ത് നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടത് ആയതിൻറെ ഉദാഹരണമാണെന്നും മേയർ അറിയിച്ചു.കുടിവെള്ള ക്ഷാമം പൂർണ്ണമായും ഒഴിവാക്കുന്നതിന് വിവിധ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി ജലലഭ്യത കൂട്ടേണ്ടതുണ്ടെന്ന് വാട്ടർ അതോറിറ്റി അധികൃതർ യോഗത്തിൽ അറിയിച്ചുവെങ്കിലും അറ്റകുറ്റപ്പണികളുടെ അഭാവത്തിൽ ഉണ്ടാകുന്ന കുടിവെള്ള ക്ഷാമം ഒഴിവാക്കുവാൻ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ നിരന്തരവും കാര്യക്ഷമവുമായ ഇടപെടൽ ഉറപ്പു വരുത്തേണ്ടതുണ്ടെന്ന് മേയർ അറിയിച്ചു. വെണ്ണല, പുതിയ റോഡ്, സുന്ദരിമുക്ക്, താന്നിക്കൽ, കീർത്തി നഗർ, എളമക്കര, പള്ളുരുത്തി, ഇടക്കൊച്ചി എന്നീ ഭാഗങ്ങളിലെ രൂക്ഷമായ വെള്ളക്കെട്ട് യോഗത്തിൽ മേയറും കൗൺസിലർമാരും ശ്രദ്ധയിൽപ്പെടുത്തി. ഓണക്കാലത്തുണ്ടായ കുടിവെള്ള ക്ഷാമത്തിൽ കൗൺസിലിൻറെ അതൃപ്തിയും മേയർ അറിയിച്ചു.അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തിയാക്കാമെന്ന് വാട്ടർ അതോറിറ്റി അധികൃതർ ഉറപ്പുനൽകി. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്ന നടപടികളിലെ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ മാസവും അവലോകന യോഗം ചേരുന്നതിനും തീരുമാനമെടുത്തു.മേയറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ കൗൺസിലർമാരായ കെ.ബി ഹർഷൽ, സി.ഡി വത്സലകുമാരി, സജിനി ജയചന്ദ്രൻ, കേരള വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും പങ്കെടുത്തു.

# ഇന്ത്യയിലെ സമുദ്രമത്സ്യ സമ്പത്ത് സുസ്ഥിരമെന്ന് പഠനം



**കൊച്ചി:** ഇന്ത്യയിലെ സമുദ്രമത്സ്യ സമ്പത്ത് സുസ്ഥിരമാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠന റിപ്പോർട്ട്. സിഎംഎഫ്ആർഐ 2022ൽ പഠനവിധേയമാക്കിയ 135 മത്സ്യ സമ്പത്തിൽ (ഫിഷ് സ്റ്റോക്) 91.1 ശതമാനവും അമിതമായി പിടിക്കപ്പെടാത്തവിധം ആരോഗ്യാവസ്ഥയിലാണെന്ന് റിപ്പോർട്ട് പറയുന്നു. കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാലയാണ് പഠനറിപ്പോർട്ട് പ്രകാശനം ചെയ്തത്.ലോക വ്യാപാര സംഘടനയിലെ (ഡബ്ല്യു.ടി.ഒ.) ഇന്ത്യയുടെ നിലപാടിന് ബലം നൽകുന്നതാണ് സമുദ്രമത്സ്യ മേഖലയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിൽ നാഴികക്കല്ലായി കരുതപ്പെടുന്ന ഈ പഠനം. പഠനം നടത്തിയ സ്റ്റോക്കുകളിൽ കേവലം 4.4 ശതമാനം മാത്രമാണ് അമിതമത്സ്യബന്ധനത്തിന് വിധേയമാകുന്നത്.രാജ്യാന്തരതലത്തിൽ ഇന്ത്യൻ സമുദ്രമത്സ്യ മേഖലയ്ക്ക് ഏറെ മുതൽക്കൂട്ടാകുന്നതാണ് പഠനത്തിലെ കണ്ടെത്തലുകളെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. ഡബ്ല്യു.ടി.ഒ.യിൽ ഇന്ത്യയുടെ നിലാപാടിനെ സാധൂകരിക്കാനും രാജ്യാന്തര വ്യാപാര ചർച്ചകളിൽ ഇന്ത്യൻ സമുദ്രമത്സ്യമേഖലക്ക് അനുകൂലമായ തീരുമാനങ്ങളുണ്ടാകാനും ഈ പഠന റിപ്പോർട്ട് സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.മാത്രമല്ല, വിദേശവിപണികളിൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രഭക്ഷ്യോൽപന്നങ്ങൾക്ക് കൂടുതൽ സ്വീകര്യത ലഭിക്കാനും സീഫുഡ് കയറ്റുമതി മെച്ചപ്പെടുത്താനും സിഎംഎഫ്ആർഐ പഠനം സഹായിക്കും. രാജ്യാന്തര സീഫുഡ് വിപണികളിൽ സുസ്ഥിരമായി പിടിക്കപ്പെടുന്ന സമുദ്രോൽപന്നങ്ങൾക്ക് ഏറെ മുൻഗനയുണ്ട്. ഭാവിയിൽ, ഇന്ത്യയിൽ നിന്നുള്ള കടൽമത്സ്യങ്ങൾക്ക് കൂടുതൽ വിലലഭിക്കാനും സ്വീകാര്യത കൂടാനും വഴിയൊരുക്കുന്നതാണ് ഈ പഠനമെന്നും ഡോ ഗോപാലകൃഷ്ണൻ പറഞ്ഞു.കന്യാകുമാരിയിൽ നിന്നാരംഭിച്ച എട്ടാംഘട്ട സാഗർപരിക്രമ യാത്രയിലാണ് കേന്ദ്രമന്ത്രി റിപ്പോർട്ട് ഔദ്യോഗികമായി പ്രകാശനം ചെയ്തത്.ഇന്ത്യൻ തീരങ്ങൾക്ക് അനുയോജ്യമായ മികച്ച കടൽപായൽകൃഷിരീതികൾ പരിചയപ്പെടുത്തുന്ന സിഎംഎഫ്ആർഐയുടെ പ്രസിദ്ധീകരണവും കേന്ദ്ര മന്ത്രി പ്രകാശനം ചെയ്തു. രാജ്യത്ത് 333 സ്ഥലങ്ങൾ കടൽപായൽ കൃഷിക്ക് അനുയോജ്യമാണെന്ന് സിഎംഎഫ്ആർഐ കണ്ടെത്തിയിട്ടുണ്ട്. ഇതുപ്രകാരം, ഇന്ത്യയിൽ 23,950 ഹെക്ടറിൽ നിന്നും പ്രതിവർഷം 98 ലക്ഷം ടൺ കടൽപായൽ ഉൽപാദിപ്പിക്കാനാകുമെന്നാണ് കണ്ടെത്തൽ. ഒരു ഹെക്ടറിൽ നിന്നും 13.28 ലക്ഷം രൂപ ഒരുവർഷം കടൽപായൽകൃഷിയിലൂടെ വരുമാനമുണ്ടാക്കാം. ഈ സ്ഥലങ്ങളുടെ ഇന്ററാക്ടീവ് മാപ്പും വികസിപ്പിച്ചിട്ടുണ്ട്.

# കാർഷിക ഉത്പന്നങ്ങൾക്ക് വിപണിയൊരുക്കി പഴം പച്ചക്കറി സംസ്കരണ കേന്ദ്രം



**കൊച്ചി:** കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക വിളകൾ സംഭരിക്കാനും സംസ്കരിക്കാനും വിപണനം ചെയ്യാനും പുതിയൊരു സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുകയാണ് വാരപ്പെട്ടിയിൽ. ഗ്രീൻ കോതമംഗലം ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (എഫ്.പി.ഒ) കൃഷിയിടാധിഷ്ഠിത വികസന പദ്ധതിയുടെ ഭാഗമായി വാരപ്പെട്ടിയിൽ പഴം പച്ചക്കറി സംസ്ക്കരണ കേന്ദ്രം ആരംഭിച്ചു. ആന്റണി ജോൺ എം.എൽ.എയാണ് ഉദ്ഘാടനം നിർവഹിച്ചത്.കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി യഥാർത്ഥ്യമാക്കിയിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഫാം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4.32 ലക്ഷം രൂപയാണ് സാമ്പത്തിക സഹായം ലഭ്യമാക്കിയിരിക്കുന്നത്. കപ്പ, ചക്ക, ഏത്തക്ക , പൈനാപ്പിൾ തുടങ്ങിയ വിവിധ പഴവർഗ്ഗങ്ങളും പച്ചക്കറികളും ന്യായവിലക്ക് കർഷകരിൽ നിന്ന് സംഭരിച്ച് ലാഭമെടുക്കാതെ സംസ്കരണ കേന്ദ്രം വഴി ഉപഭോക്താക്കൾക്ക് നൽകും. അതിനൊപ്പം സംഭരിക്കുന്ന ഉത്പന്നങ്ങൾ സംസ്കരിച്ച് ഉണങ്ങിയും ഡ്രൈ ഫ്രൂട്ടായും വിൽപ്പനക്ക് ഒരുക്കിയിട്ടുണ്ട്.കോതമംഗലം കൃഷി ബ്ലോക്കിലെ ഓരോ പഞ്ചായത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത പദ്ധതിയിൽ ഉൾപ്പെടുന്ന പത്ത് കർഷകരെ വീതം ഉൾപ്പെടുത്തിയാണ് എഫ്.പിഒ രൂപീകരിച്ചിട്ടുള്ളത്. കൃഷി ഭവനകളുടെയും പഞ്ചായത്തുകളുടെയും സഹകരണത്തോടെ കർഷകരുടെ മേൽനോട്ടത്തിലാണ് സംസ്ക്കരണ കേന്ദ്രത്തിന്റെ പ്രവർത്തനം. കർഷകർ ഉത്പാദിക്കുന്ന എല്ലാ കാർഷിക വിളകളും എഫ്.പി.ഒ വഴി വിറ്റഴിച്ച് കർഷകരെ സഹായിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

# മൂന്നു വ്യത്യസ്ത ഹാന്റ് വാഷുകളുമായി സാവലോൺ




**കൊച്ചി:** ഐ.ടി.സിയുടെ കീഴിലുള്ള മുൻനിര ശുചിത്വ ബ്രാന്റായ സാവലോൺ മൂന്ന് വ്യത്യസ്ത ഹാന്റ് വാഷുകൾ പുറത്തിറക്കി. ഡീപ് ക്ലീൻ, മോയ്സ്ചർ ഷീൽഡ്, ഹെർബൽ സെൻസിറ്റീവ് എന്നിവയാണ് വിപണിയിൽ എത്തിച്ചത്സാധാരണയായി ഹാന്റ് വാഷുകൾ നേരിടുന്ന പ്രധാന പ്രശ്നമാണ് രോഗാണു നശീകരണത്തിനൊപ്പം ശരീരത്തിന് ആവശ്യമായ സൂക്ഷ്മാണുക്കളെയും ഇല്ലാതാക്കുന്നു എന്നത്. ഇത് മൂലം കൈകളിലെ ചർമ്മത്തിന്റെ സ്വാഭാവികത നഷ്ടപ്പെടുന്നു എന്ന പരാതികളും ഉയരാറു്. ഇതിനെ മറികടക്കാൻ 90 ശതമാനം പ്രകൃതിദത്ത ചേരുവകൾ കൊാണ് സാവലോൺ ഹാന്റ് വാഷുകളുടെ നിർമാണമെന്ന് ഐ.ടി.സി ലിമിറ്റഡിന്റെ പേഴ്സണൽ കെയർ പ്രൊഡക്ട്സ് ബിസിനസ് ഡിവിഷണൽ ചീഫ് എക്സിക്യൂട്ടീവ് സമീർ സത്പതി പറഞ്ഞു.നോനാസ്റ്റീസ് ഫോർമുലേഷനിൽ പാരബൈന്റ്, സിലിക്കൺ, ട്രൈക്ലോസൻ, ട്രൈക്ലോ കാർബൺ എന്നിവ പൂർണ്ണമായും ഒഴിവാക്കിയിട്ടു്. ഓറഞ്ച്, കറ്റാർവാഴ, എന്നിവ ഉൾപ്പെടെയുള്ള ഹെർബൽ എസ്സെൻസുകളാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്.ഓറഞ്ചിന്റെ സുഗന്ധമുള്ള ഡീപ് ക്ലീൻ ഹാൻഡ് വാഷ് സാവലോണിന്റെ ഇത്തരത്തിലുള്ള ആദ്യ ഉൽപ്പന്നമാണ്. നന്നായി പതയുന്നതിനായി ക്വിക്ക് ലാതർ, ക്വിക്ക് റിൻസ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. കൈകൾ മൃദുലവും ഈർപ്പമുള്ളതുമായി സംരക്ഷിക്കാൻ മോയ്സ്ചർ ഷീൽഡ് ഹാന്റ് വാഷും സെൻസിറ്റീവായ കൈകളെ പരിപാലിക്കുന്നതിനുള്ള ഹെർബൽ സെൻസിറ്റീവ് ഹാന്റ് വാഷുമാണ് മറ്റുള്ളവ.കോവിഡിന് ശേഷം മാറി വരുന്ന ഉപഭോക്താക്കളുടെ ആവശ്യങ്ങൾ കൂടി പരിഹിരിച്ചാണ് ഇവ നിർമിച്ചിട്ടുള്ളതെന്നും സമീർ സത്പതി പറഞ്ഞു.

# ആർക്കേഡ് ഡെവലപ്പേഴ്സ് ഐപിഒയ്ക്ക്

**കൊച്ചി:** മുംബൈയിലെ മുൻനിര റിയൽ എസ്റ്റേറ്റ് ഡെവലപ്പറായ ആർക്കേഡ് ഡെവലപ്പേഴ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 430 കോടി രൂപയുടെ പുതിയ ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യുണിസ്റ്റോൺ ക്യാപിറ്റലാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.നിലവിലുള്ളതും വരാനിരിക്കുന്ന പ്രോജക്റ്റുകളുടെ വികസനത്തിനായും റിയൽ എസ്റ്റേറ്റ് പദ്ധതികൾക്കും പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾക്കും വേണ്ടിയുള്ള ഫിംഗ് ഏറ്റെടുക്കലുകൾക്കുമായിരിക്കും കമ്പനി മൊത്തം തുക വിനിയോഗിക്കുക.

# അക്വാ കൺസ്യൂമർ എക്സ്പോ: സെപ്റ്റംബർ മൂന്നു വരെ

**കൊച്ചി:** അഗ്രികൾച്ചറൽ പ്രൊമോഷണൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഹൈക്കോടതി വാട്ടർ മെട്രോ ടെർമിനലിൽ അലങ്കാര മത്സ്യപ്രദർശനം, കൺസ്യൂമർ ഉല്പന്നങ്ങളുടെ പ്രർശനം, വില്പന എന്നിവ സെപ്റ്റംബർ മൂന്നു വരെ നടക്കും. അകാ കൺസ്യൂമർ എക്സ്പോ2023' എന്ന പേരിലാണ് പ്രദർശനം.പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ ഗ്രൂപ്പുകളുടെ വൈവിധ്യങ്ങളായ കടൽ വിഭവങ്ങൾ ഉൾപ്പെടുന്ന സീഫുഡ് ഫെസ്റ്റും ഉണ്ട്. ചെമ്മീൻ കട്ലറ്റ്, മീൻ കട്ട്ലറ്റ്, കപ്പ മീൻകറി, മീൻ വറുത്തത്, ചെമ്മീൻ റോസ്റ്റ്, കക്ക റോസ്റ്റ്, കൂന്തൾ റോസ്റ്റ്, മീൻ വിഭവങ്ങളോടു കൂടിയ ഊണ്' എന്നിവ ഫെസ്റ്റിനോടനുബന്ധിച്ചു ഉണ്ടാകും. രാവിലെ 10 മുതൽ രാത്രി 9 വരെ പ്രദർശന /വില്പന സ്റ്റാളുകൾ പ്രവർത്തിക്കും.

# ടിറ യുടെ 'ഫോർ എവരി യു' ക്യാംപയിൻ

**കൊച്ചി/ മുംബൈ:** റിലയൻസ് റീട്ടെയിലിന്റെ  ബ്യൂട്ടി റീട്ടെയിൽ പ്ലാറ്റ്ഫോമായ ടിറ യുടെ ആദ്യ 360ഡിഗ്രി ക്യാംപയിൻ 'ഫോർ എവരി യു' ലോഞ്ച് പ്രഖ്യാപിച്ചു.  , കരീന കപൂർ ഖാൻ, കിയാര അദ്വാനി, സുഹാന ഖാൻ എന്നിവർ ക്യാംപയിന്റെ ഭാഗമാകും. 2023 ഏപ്രിലിലാണ് ടിറ പ്ലാറ്റഫോം ആരംഭിച്ചത്.കരീനയും കിയാരയും സുഹാനയും 30 സെക്കൻഡ് വീതമുള്ള എക്സ്ക്ലൂസീവ് വീഡിയോകൾ ഈ ക്യാംപയിനിൽ അവതരിപ്പിക്കുന്നു.

വരും മാസങ്ങളിൽ  പ്രൈം മീഡിയ ചാനലുകളിൽ ഉൾപ്പെടെ ടിവി, ഔട്ട്ഡോർ, പ്രിന്റ്, ഡിജിറ്റൽ, ഇവന്റുകൾ, ഇൻസ്റ്റോർ ആക്ടിവേഷനുകൾ, ഗ്രൗ ആക്റ്റിവിറ്റികൾ  എന്നിവയിലുടനീളം  'ഫോർ എവരി യു' കാമ്പെയ്ൻ അവതരിപ്പിക്കും. മികച്ച ആഗോള, ദേശീയ ബ്രാൻഡുകൾ അവതരിപ്പിക്കുന്നതിനൊപ്പം    ലോഞ്ച് ക്യാംപയിന്റെ ഭാഗമായി ആവേശകരമായ ഓഫറുകളും പ്രമോഷനുകളും സമ്മാനങ്ങളും ടിറയിൽ **ഉണ്ട്** .

2023 ഏപ്രിലിൽ ആരംഭിച്ചതു  മുതൽ ടിറയ്ക്ക് മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സ് ലിമിറ്റഡ് ഡയറക്ടർ ഇഷ അംബാനി പറഞ്ഞു.സൗന്ദര്യ, ചർമ്മസംരക്ഷണ മേഖലയെ എല്ലാവരിലേക്കും എത്തിച്ച്  സൗന്ദര്യത്തെ ജനാധിപത്യവൽക്കരിക്കുക എന്ന ലക്ഷ്യമാണ് ടിറയിലൂടെ ഞങ്ങൾക്കുള്ളത് . കരീന കപൂർ ഖാൻ, കിയാര അദ്വാനി, സുഹാന ഖാൻ എന്നിവരെ ടിറ കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്ക് സന്തോഷമു**ണ്ട്**, ഒപ്പം ഞങ്ങളുടെ ആദ്യ കാമ്പെയ്നായ ഫോർ എവരി യു ന്റെ ഭാഗമാകുകയും ചെയ്യുന്നു. ഈ പ്രചാരണം സൗന്ദര്യം മാത്രമല്ല; അത് വ്യക്തിത്വത്തെ ആശ്ലേഷിക്കുകയും ചെയ്യുന്നതാണ്. ഇവർ മൂവരും  ഒരുമിച്ച്, ടിറയുടെ ബ്രാൻഡ് വാഗ്ദാനത്തെ പ്രതിനിധീകരിക്കുന്നു, കൂടാതെ എല്ലാ സംസ്കാരങ്ങളിലും പ്രായപരിധിയിലുമുടനീളമുള്ള സൗന്ദര്യ പ്രേമികൾക്ക് ടിറയെ അവരുടെ പ്രിയപ്പെട്ട സൗന്ദര്യ കേന്ദ്രമാക്കി മാറ്റാൻ പ്രചോദിപ്പിക്കുമെന്നും ഇഷ അംബാനി പറഞ്ഞു.

# ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ദ്വിദിന ദേശീയ സമ്മേളനത്തിന് തുടക്കം



**കൊച്ചി:** ഇന്ത്യയിൽ അതിവേഗത്തിൽ സാമ്പത്തിക മാറ്റങ്ങൾ സംഭവിക്കുന്നതിനാൽ കൂടുതൽ പേർക്ക് ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ സേവനം ആവശ്യമായി വരുന്ന കാലഘട്ടമാണിതെന്ന് ഹൈബി ഈഡൻ എം പി പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ ദ്വിദിന ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പഠിച്ച കാര്യങ്ങൾ ദൈനംദിന ജീവിതത്തിൽ ഉപയോപ്പെടുത്താൻ സാധിക്കുന്നവരാണ് സി എക്കാരെന്നും അദ്ദേഹം പറഞ്ഞു. മികച്ച തൊഴിൽ മേഖലയായി ചാർട്ടേഡ് അക്കൗണ്ടന്റുമാരെ സമൂഹം കാണുന്നുണ്ടെന്നും ഹൈബി ഈഡൻ പറഞ്ഞു. പുതിയ കാഴ്ചപ്പാടുകൾ നൽകുന്നതാവട്ടെ സമ്മേളനമെന്ന് അദ്ദേഹം ആശംസിച്ചു. എസ് ഐ ആർ സി എറണാകുളം ബ്രാഞ്ച് ചെയർ പേഴ്സൺ ദീപ വർഗ്ഗീസ് റിനൈ കൊച്ചിനിൽ നടന്ന പരിപാടിയിൽ അധ്യക്ഷത വഹിച്ചു. ബാബു എബ്രഹാം കള്ളിവയലിൽ, കമൽ ഗാർഗ്, ആനന്ദ് പി ജംഗിത്, ആനന്ദ് എ എസ് എന്നിവർ പ്രസംഗിച്ചു.ആദ്യ ദിവസം വ്യത്യസ്ത വിഷയങ്ങളിൽ കമൽ ഗാർഗ്, ആനന്ദ് പി ജംഗിത് എന്നിവർ ക്ലാസെടുത്തു. രണ്ടാം ദിവസം വിജയ് കുമാർ ചെന്നൈ, മോഹൻ ആർ രവി ബംഗളൂരു എന്നിവർ ക്ലാസെടുക്കും.

# ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ അവതരിപ്പിച്ചു

**കൊച്ചി:** ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ എന്ന നൂതന വരുമാന പദ്ധതി അവതരിപ്പിച്ച് ഐസിഐസിഐ പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. ഉപയോക്താക്കൾക്ക് വർഷം തോറും വർധിക്കുന്ന വരുമാനം അല്ലെങ്കിൽ കൃത്യമായ നിശ്ചിത വരുമാനം ലഭ്യമാക്കുന്നതാണ് പുതിയ പദ്ധതി കൂടാതെ ഇതിൻറെ ലൈഫ് കവർ കുടുംബത്തിന് സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുന്നുവെന്നും ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രേ എന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട വ്യക്തമാക്കി.ഉപയോക്താക്കൾക്ക് അവരുടെ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ കസ്റ്റമൈസ് ചെയ്യാം. മറ്റ് സേവനങ്ങൾക്കൊപ്പം തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് വരുമാന സേവനങ്ങളും പ്രീമിയം പേയ്മെൻറ് കാലയളവും ഉപയോക്താക്കൾക്ക് തന്നെ നിശ്ചയിക്കാം.ദീർഘകാല വരുമാനത്തോടൊപ്പം തന്നെ ഒരു മൊത്തം തുകയും ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ ഉപയോക്താക്കൾക്ക് ലഭ്യമാക്കുന്നു്. അടച്ച പ്രീമിയം തുകയുടെ 100 ശതമാനം വരെ മൊത്തം തുകയായി ലഭ്യമാക്കാനും ഇതിനുള്ള കാലയളവ് ഉപയോക്താക്കൾക്ക് തന്നെ നിശ്ചയിക്കാനും സാധിക്കും. ഈ പദ്ധതിയിലൂടെ ഉപയോക്താക്കൾക്ക് തങ്ങളുടെ ജീവിതത്തിലെ ഏറ്റവും സുപ്രധാന നാഴികക്കല്ലുകൾ പ്ലാൻ ചെയ്യാനും പ്രിയപ്പെട്ടവർക്ക് വിലപ്പെട്ടതെന്തെങ്കിലും പരമ്പരാഗതമായി കൈമാറണമെങ്കിലോ റിട്ടയർമെൻറ് കാലം പ്ലാൻ ചെയ്യാനോ സാധിക്കും. വരുമാനം ലഭിക്കുന്ന കാലയളവിൽ പോളിസി ഉടമ മരിക്കുകയാണെങ്കിൽ നോമിനിക്ക് വരുമാനം സ്വീകരിക്കുന്നത് തുടരാൻ സാധിക്കുമെന്നതാണ് ഈ പ്രൊഡക്ടിൻറെ മറ്റൊരു പ്രത്യേകത. ഉപയോക്താക്കളുടെ ചെറിയ കാലയളവിലേക്കും ദീർഘകാലത്തേക്കുമുള്ള ആവശ്യങ്ങൾ നടത്തിക്കൊുപോകാൻ സാധിക്കുന്ന തരത്തിലാണ് ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോ പദ്ധതി.5 വർഷം മുതൽ 12 വർഷം വരെയുള്ള പ്രീമിയം പേയ്മെൻറ് കാലയളവ് ഐസിഐസിഐ പ്രൂ ഗിഫ്റ്റ് പ്രോയിലു്. ഉപയോക്താക്കളുടെ സൗകര്യാർഥവും എത്ര വർഷം വേണമെന്നതും അനുസരിച്ച് നിക്ഷേപം നടത്താം. 8ാം വർഷം മുതൽ വരുമാനം ലഭ്യമാക്കുകയും ചെയ്യാം. ഇത് 30 വർഷം വരെ നീു നിൽക്കും.ഉപയോക്താക്കൾക്ക് തങ്ങളുടെ ആവശ്യങ്ങൾക്ക് ഉപകരിക്കും വിധം ക്രമീകരിക്കാൻ പറ്റുന്ന ഒരു ദീർഘകാല സേവിംഗ് പദ്ധതിയാണെന്നും അമിത് പാൽട്ട വ്യക്തമാക്കി.

# കേരള ബ്ലാസ്റ്റേഴ്സിന്റെ പ്രസന്റിംഗ് സ്പോൺസറായി വൺഎക്സ് ബാറ്റ് സ്പോട്ടിംഗ് ലൈൻസ് തുടരും




കൊച്ചി: കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ പ്രസന്റിംഗ് സ്പോൺസറായി വൺ എക്സ് ബാറ്റ് സ്പോട്ടിംഗ് ലൈൻസ് ഹീറോ ഇന്ത്യൻ സൂപ്പർ ലീഗ് അടുത്ത സീസണിലും തുടരും. പങ്കാളിത്തത്തിന്റെ ഭാഗമായി വൺ എക്സ് ബാറ്റിന്റെ  ലോഗോ കേരള ബ്ലാസ്റ്റേഴ്സ് താരങ്ങളുടെ ജേഴ്സിയുടെ പിൻഭാഗത്തും നെഞ്ചിന്റെ വലത് വശത്തും പ്രദർശിപ്പിക്കുന്നത് തുടരും.ഒരിക്കൽ കൂടി കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ പങ്കാളികളാകാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നുവെന്ന് വൺ എക്സ്ബാറ്റിന്റെ സഹസ്ഥാപകയും മാർക്കറ്റിംഗ് ഡയറക്ടറുമായ ടാറ്റിയാന പോപോവ പറഞ്ഞു.തുടർച്ചയായ രാം വർഷവും കേരള ബ്ലാസ്റ്റേഴ്സിന്റെ  ഭാഗമായതിൽ വൺ എക്സ് ബാറ്റ് സന്തോഷിക്കുന്നു. ഫുട്ബോൾ, ലോകത്തിലെ ഏറ്റവും പ്രിയപ്പെട്ടതും ആവേശഭരിതവുമായ ഒരു കായിക വിനോദമായതിനാൽ, വൺ എക്സ് ബാറ്റും  കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയും തമ്മിലുള്ള പങ്കാളിത്തം ഇന്ത്യയിൽ മാത്രമല്ല, ലോകമെമ്പാടുമുള്ള ആളുകളെ ഒന്നിച്ച് ചേർക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുമായുള്ള  കൂടുതൽ മനോഹരവും അതിശയകരവുമായ ഫുട്ബോൾ നിമിഷങ്ങൾക്കായി ഞങ്ങൾ കാത്തിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.വൺ എക്സ് ബാറ്റുമായുള്ള ഞങ്ങളുടെ ബന്ധം തുടരുന്നതിൽ അതിയായ സന്തോഷമു്. ഒരു ആഗോള ബ്രാൻഡായ, അവരുടെ കാഴ്ചപ്പാട് കേരള ബ്ലാസ്റ്റേഴ്സുമായി ചേർന്നു നിൽക്കുന്നതാണ്. ഇരു ബ്രാൻഡുകൾക്കും പരസ്പരം പ്രയോജനകരമാകുന്ന വിധത്തിൽ, ഈ പങ്കാളിത്തം വരും കാലങ്ങളിൽ ശക്തമായി വളരുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും  കേരള ബ്ലാസ്റ്റേഴ്സ് എഫ്സി ഡയറക്ടർ നിഖിൽ ഭരദ്വാജ് പറഞ്ഞു.

# 'ഗ്രാൻ ടൂറിസ്മോ' പ്രചാരണത്തിനു ഒപ്പംചേർന്ന് നിസ്സാനും സോണി പിക്ചേഴ്സും



**കൊച്ചി:**  സിനിമാ പ്രേമികളും ഗെയിമർമാരും ഏറെ കാത്തിരിക്കുന്ന ചിത്രമായ 'ഗ്രാൻ ടൂറിസ്മോ'യുടെ പ്രചാരണപങ്കാളിത്തത്തിനായി കൈകോർത്ത് നിസാൻ മോട്ടോഴ്സും സോണി പിക്ചേഴ്സ് എന്റർടൈൻമെന്റ് ഇന്ത്യയും. ഓഗസ്റ്റ് 25ന് ഇന്ത്യയിൽ റിലീസ് ചെയ്ത ചിത്രം, റേസിംഗ് ലോകത്തെ വെല്ലുവിളികളെ ധൈര്യത്തോടെ നേരിട്ട ഒരു കൂട്ടം ആളുകളുടെ യഥാർത്ഥ കഥയെ ആസ്പതമാക്കിയുള്ളതാണ്.1997 മുതൽ സോണി പ്ലേ സ്റ്റേഷൻ ബാനറിൽ പുറത്തിറക്കിയ ലോകത്തിലെ ഏറ്റവും ജനപ്രിയമായ റേസിംഗ് വീഡിയോ ഗെയിമാണ് ഗ്രാൻ ടൂറിസ്മോ. ഈ റേസിംഗ് ഗെയിമിംഗ് ജേതാവിൽ നിന്നും യഥാർത്ഥ റേസർ ആവുന്ന ഒരാളുടെ ജീവിതമാണ് സിനിമ കാണിച്ചുതരുന്നത്. 2008ലാണ് വീഡിയോ ഗെയിം റേസർമാരെ യഥാർത്ഥ ലോക റേസിംഗ് ചാമ്പ്യന്മാരാക്കി മാറ്റുവാൻ സഹായിക്കുന്ന നിസ്സാനും സോണി പ്ലേ സ്റ്റേഷനും ജിടി അക്കാദമി അവതരിപ്പിക്കുന്നത്.ഇന്ത്യയിൽ നിസ്സാനും ഒരു പുതിയ യാത്ര ആരംഭിക്കുന്ന ഇക്കാലത്ത്, സോണിയുമായി ചേർന്ന് ഈ യഥാർത്ഥ ജീവിതകഥ പങ്കിടുന്നതിലൂടെ സ്വപ്നങ്ങളെ നിർഭയമായി പിന്തുടരാൻ മറ്റുള്ളവരെ പ്രചോദിപ്പിക്കുമെന്ന് വിശ്വസിക്കുന്നതായി നിസ്സാൻ മോട്ടോഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ മാർക്കറ്റിംഗ്, പ്രൊഡക്റ്റ് ആൻഡ് കസ്റ്റമർ എക്സ്പീരിയൻസ് ഡയറക്ടർ മോഹൻ വിൽസൺ പറഞ്ഞു.നീൽ ബ്ലോംകാംപ് സംവിധാനം ചെയ്ത ഈ ചിത്രത്തിൽ ഡേവിഡ് ഹാർബർ, ഒർലാൻഡോ ബ്ലൂം, ആർച്ചി മഡെകൈ, ഡാരൻ ബാർനെറ്റ്, ഗെറി ഹാലിവെൽ ഹോർണർ, ജിമോൺ ഹൗൺസോ എന്നിവർ പ്രധാന വേഷങ്ങൾ അവതരിപ്പിക്കുന്നു. സോണി പിക്ചേഴ്സ് എന്റർടൈൻമെന്റ് ഇന്ത്യയിൽ 'ഗ്രാൻ ടൂറിസ്മോ' ഇംഗ്ലീഷിലും ഹിന്ദിയിലും റിലീസ് ചെയ്തട്ടുണ്ട്.

# ഫിഫയുമായി ചേർന്ന് റെക്സോണയുടെ 'ബ്രേക്കിങ് ലിമിറ്റ്സ് : ഗേൾസ് ക്യാൻ'



**കൊച്ചി:** ഫിഫയുടെ വനിതാ ഫുട്ബോൾ ലക്ഷ്യങ്ങളെ പിന്തുണച്ച്, ഡിയോഡറന്റ് ബ്രാൻഡായ റെക്സോണ കൂടുതൽ പെൺകുട്ടികളെ ഫുട്ബോൾ കളിക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിൽ 'ബ്രേക്കിംഗ് ലിമിറ്റ്സ്: ഗേൾസ് കാൻ' സീരീസ് ആരംഭിച്ചു. പ്രസ്ഥാനാധിഷ്ഠിത പ്രോഗ്രാമുകളിലൂടെ യുവാക്കൾക്കിടയിൽ ആത്മവിശ്വാസവും അവസരങ്ങളും വളർത്തുന്നതിന് അവരെ സജ്ജരാക്കുന്നതിലൂടെ പരിശീലകരെയും കമ്മ്യൂണിറ്റി നേതാക്കന്മാരെയും ഉപദേശകരെയും ഉന്നമിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു സൗജന്യ ഡിജിറ്റൽ പരിശീലന പരമ്പരയാണ് റെക്സോണ ബ്രേക്കിംഗ് ലിമിറ്റ്സ് പ്രോഗ്രാം. പുതിയ ഗേൾസ് ക്യാൻ സീരീസ് പെൺകുട്ടികൾക്ക് സുരക്ഷിതമായ അന്തരീക്ഷം സ്ഥാപിക്കുന്നതിനും ആത്മാഭിമാനം വർധിപ്പിക്കുന്നതിനും എല്ലാ വിഭാഗങ്ങൾക്കുമുള്ള ഉൾപ്പെടുത്തൽ ഉറപ്പാക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.യുവതികളായ പെൺകുട്ടികളെ മടികൂടാതെ ഫുട്ബോൾ മൈതാനത്തേക്ക് ചുവടുവെക്കാൻ പ്രചോദിപ്പിക്കുന്നതിൽ റെക്സോണ ഇന്ത്യയുമായി സഹകരിക്കുന്നതിൽ അതിയായ സന്തോഷമുന്നെ ദേശീയ ഇന്ത്യൻ വനിതാ ടീമിന്റെ ഗോൾകീപ്പർ അദിതി ചൗഹാൻ പറഞ്ഞു.ഈ സഹകരണം തടസ്സങ്ങൾ ഭേദിക്കുന്നതിനും പെൺകുട്ടികൾക്ക് ഫുട്ബോൾ സ്വീകരിക്കുന്നതിനും അന്യായമായ സാമൂഹിക മാനദണ്ഡങ്ങളിൽ നിന്ന് മാറുന്നതിനുമുള്ള പാതകൾ സൃഷ്ടിക്കുന്നതിനുമുള്ള എന്റെ സമർപ്പണവുമായി തികച്ചും യോജിക്കുന്നു. ഓരോ പെൺകുട്ടിയുടെയും കായികവിനോദത്തിന് പ്രോത്സാഹനവും പ്രചോദനവും മാർഗനിർദേശവും അവസരവും ലഭിക്കുന്ന ഒരു ഭാവി നമുക്ക് ഒരുമിച്ച് വളർത്തിയെടുക്കാമെന്നുംഅദിതി ചൗഹാൻ പറഞ്ഞു.റെക്സോണയുടെ ബ്രേക്കിംഗ് ലിമിറ്റ്സ്: ഗേൾസ് ക്യാൻ സീരീസ് പെൺകുട്ടികളെയും സ്ത്രീകളെയും അവരുടെ വഴിയിൽ നിൽക്കുന്ന തടസ്സങ്ങൾ തകർക്കാനും അവർ കാണാൻ ആഗ്രഹിക്കുന്ന ലോകം സൃഷ്ടിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാനും പ്രചോദനം നൽകുന്നു. ബ്രേക്കിംഗ് ലിമിറ്റ്സ്: ഗേൾസ് ക്യാൻ സീരീസിൽ ഫിഫയുമായി ചേർന്ന് റെക്സോണ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ച് കൂടുതലറിയുവാൻ https://www.rexona.com/au/football-rexona-2023/

# പവിഴം പൊന്നോണം പുലികളി വേൾഡ് റെക്കോർഡിൽ



**കൊച്ചി:** പവിഴം അരിക്കാരൻ ഗ്രൂപ്പ് സ്ഥാപകൻ എൻ.വി പാപ്പച്ചൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തനോദ്ഘാടനം, ഗ്രൂപ്പിന്റെ 31ാമത് വാർഷികം എന്നിവയോടു കൂടി സംഘടിപ്പിച്ച 'പൊന്നോണം 2023 ' പരിപാടിയിൽ അവതരിപ്പിച്ച മെഗാ പുലികളി വേൾഡ് റെക്കോർഡ് യൂണിയനിൽ ഇടംപിടിച്ചു.കഴിഞ്ഞ 26 ന് പെരുമ്പാവൂർ കൂവപ്പടി പവിഴം നഗറിൽ സംഘടിപ്പിച്ച പുലികളിയിൽ അതിഥി തൊഴിലാളികളടക്കം 500 പേർ പങ്കെടുത്തിരുന്നു. ഒരു മാസക്കാലം തൊഴിലാളികൾ കഠിന പരിശീലനം നടത്തിയ ശേഷമാണ് പുലികളായി ഇവർ കളത്തിൽ ഇറങ്ങിയത്. അമേരിക്കയിൽ നിന്നുള്ള ഡബ്ല്യു ആർ യു അഡ്ജ്യൂഡിക്കേറ്റർ ക്രിസ്റ്റഫർ ടെയ്‌ലർ ക്രാഫ്റ്റിന്റെ നേതൃത്വത്തിലുള്ള സംഘം ഇവിടെയെത്തി പുലികളി നേരിൽ വിലയിരുത്തിയ ശേഷമാണ് ലോക റെക്കോർഡിന് ശുപാർശ ചെയ്തത്. അത്യഅപൂർവ്വവും ആകർഷകവുമായ വിനോദ പരിപാടിയെന്ന് പുലികളിയെക്കുറിച്ച് പ്രതിനിധികൾ അഭിപ്രായപ്പെട്ടു. അംഗീകാര പത്രം ക്രിസ്റ്റഫർ ട്രെയ്‌ലർ ക്രാഫ്റ്റ് ഗ്രൂപ്പ് ചെയർമാൻ എൻ. പി ജോർജിന് കൈമാറി. ഒരു സ്ഥാപനത്തിലെ ഇത്രയധികം ജീവനക്കാർ ചേർന്ന് അവതരിപ്പിച്ച പുലികളിയെന്ന പ്രത്യേകതയും ഈ അപൂർവ്വ പുലിയാട്ട മേളക്കുണ്ടെന്ന് കമ്പനി മാനേജിംഗ് ഡയറക്ടർ എൻ. പി ആന്റണി പറഞ്ഞു. ' പവിഴം പൊന്നോണം ' എന്ന പേരിൽ നടത്തിയ വിവിധ പരിപാടികളുടെ ഉദ്ഘാടനം മന്ത്രി പി. രാജീവ് നിർവഹിച്ചു. ബെന്നി ബഹന്നാൻ എം പി, എം.എൽ.എമാരായ റോജി എം. ജോൺ, എൽദോസ് കുന്നപ്പിള്ളി, മുൻ സ്പീക്കർ പി.പി. തങ്കച്ചൻ തുടങ്ങിയ നിരവധി ജനപ്രതിനിതികൾ സന്നിഹിതരായിരുന്നു. ട്രസ്റ്റ് ഈ വർഷം രണ്ട് കോടിയിൽ പരം രൂപയുടെ സഹായ പദ്ധതികൾ നടപ്പിലാക്കും.

# വിക്ടോറിനോക്സിന്റെ പുതിയ ഷോപ്പ് ഇൻ ഷോപ്പ് കൊച്ചി ഫോറം മാളിൽ



NEW VICTORINOX AT FORUM MALL, MARADU, KOCHI

**കൊച്ചി:** ഐക്കോണിക് സ്വിസ് ബ്രാൻഡായ വിക്ടോറിനോക്സ് കൊച്ചി മരടിലെ ഫോറം മാളിലെ ഫസ്റ്റ് ഫ്ലോറിലെ ഗൂട്ട് റെയ്സിൽ തങ്ങളുടെ പുതിയ ഷോപ്പ്ഇൻഷോപ്പ് തുറന്നു. വിക്ടോറിനോക്സ് സ്വിസ് ആർമി നൈഫ്, ട്രാവൽ ഗിയർ, വാച്ചുകൾ, കിച്ചൻ, പ്രൊഫഷണൽ നൈഫ് എന്നിവയുടെ ആകർഷകമായ ശ്രേണി കൂടാതെ വിക്ടോറിനോക്സിന്റെ സഹോദര ബ്രാൻഡായ വെങ്കറിൽ നിന്നുള്ള നിരവധി യാത്രാ ഉപകരണങ്ങളും ഇവിടെ വൻ വിലക്കുറവിൽ ലഭ്യമാണെന്ന് വിക്ടോറിനോക്സ് ഇന്ത്യ മാനേജിംഗ് ഡയറക്ടർ ശ്രീ കേണൽ ചന്ദോക്ക് പറഞ്ഞു.സ്വിസ് ആർമി നൈവ്സ്, കട്ട്ലറി, ട്രാവൽ ഗിയർ, വാച്ചുകൾ എന്നിവയിൽ തങ്ങളുടെ ശക്തമായ ബ്രാൻഡ് മൂല്യം അടിത്തറയിടുവാൻ 2023 ഡിസംബർ അവസാനത്തിന് മുമ്പ് നിലവിലുള്ള 16 ഷോപ് ഇൻ ഷോപ്പുകൾ ഉൾപ്പെടുന്ന സ്റ്റോറുകൾ കൂടാതെ 10 പുതിയ ഷോപ്പ്ഇൻഷോപ്പുകളുമായി വിപണിയിൽ ശക്തമായ സാന്നിധ്യമാറിയിക്കുവാനാണു കമ്പനി ലക്ഷ്യമിടുന്നത്.'വിക്ടോറിനോക്സ് ഷോപ്പ്ഇൻഷോപ്പ് ആശയത്തിലൂടെ ഞങ്ങൾ വളരെ ജനപ്രിയമായ ഒരു ബ്രാൻഡിനെ കൊച്ചിയുടെ ഹൃദയത്തിലേക്ക് കൊുവരുന്നു, മൂന്നോ അതിലധികമോ ഉൽപ്പന്ന വിഭാഗങ്ങളുള്ള Victorinox ഷോപ്പ്ഇൻഷോപ്പുകൾ ഉൾക്കൊള്ളുന്ന 16 സ്റ്റോറുകൾ ഞങ്ങൾക്ക് നിലവിൽ ഉ്. വർഷാവസാനത്തോടെ മൾട്ടിപ്രൊഡക്ട് വിഭാഗത്തിൽ 10 സ്റ്റോറുകൾ കൂടി ഉൾപ്പെടുത്തി ഞങ്ങളുടെ ഇന്ത്യയുടെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്താൻ ഞങ്ങൾ പദ്ധതിയിടുന്നുവെന്നും കേണൽ ചന്ദോക്ക് പറഞ്ഞു.

### യു. പി. എസ്. സി പരീക്ഷ

# ഞായറാഴ്ച്ച അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ



**കൊച്ചി:** സെപ്തംബർ മൂന്ന്, ഞായറാഴ്ച്ച യു.പി.എസ്.സി നാഷണൽ ഡിഫൻസ് അക്കാദമി & നേവൽ അക്കാദമി, കംമ്പയിൻഡ് ഡിഫൻസ് സർവ്വീസസ് പരീക്ഷകൾ നടക്കുന്നതിനാൽ കൊച്ചി മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു. പരീക്ഷയെഴുതുന്നവർക്ക് കൃത്യ സമയത്ത് തന്നെ പരീക്ഷാ സെന്ററിൽ എത്തുന്നതിനായി ഞായറാഴ്ച്ച രാവിലെ 7 മണി മുതൽ കൊച്ചി മെട്രോ സർവ്വീസ് ആലുവ, എസ് എൻ ജംഗ്ഷൻ സ്റ്റേഷനുകളിൽ നിന്ന് ആരംഭിക്കുന്നതാണ്. നിലവിൽ രാവിലെ 7.30നാണ് കൊച്ചി മെട്രോ ഞായറാഴ്ച്ചകളിൽ സർവ്വീസ് ആരംഭിച്ചിരുന്നത്.

# ഡിജിറ്റൽ റുപ്പീ ആപ്പ് അവതരിപ്പിച്ച് കൊടക് മഹീന്ദ്ര ബാങ്ക്

**കൊച്ചി:** ആർബിഐയുടെ സിബിഡിസി പൈലറ്റ് പ്രോജക്ടിന്റെ ഭാഗമായി ഡിജിറ്റൽ റുപ്പീ ആപ്ലിക്കേഷനിലൂടെ യുപിഐ ഇന്റർഓപറബിലിറ്റി നടപ്പാക്കി കൊടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്. ആപ്പിലൂടെ നിലവിലുള്ള യുപിഐ ക്യുആർ കോഡുകൾ സ്കാൻ ചെയ്ത് എവിടെയും ഷോപ്പിംഗ് നടത്താൻ സാധിക്കുമെന്ന് കൊടക് മഹീന്ദ്ര ബാങ്ക് അധികൃതർ അറിയിച്ചു. ആദ്യ ഘട്ടത്തിൽ ആൻഡ്രോയ്ഡ് ഉപയോക്താക്കൾക്കാണ് ആപ്പ് ലഭ്യമാകുന്നത്. ബാങ്ക് അക്കൗ വിശദാംശങ്ങൾ വെളിപ്പെടുത്താതെ തന്നെ ഇടപാടുകൾ നടത്താനും എളുപ്പത്തിൽ പണം കൈമാറാനും ആപ്പ് വഴി സാധിക്കും. ആർബിഐ നിയന്ത്രണങ്ങൾ പ്രകാരം ഇന്ത്യയിൽ ഡിജിറ്റൽ റുപ്പീ നിയമപരമായി അംഗീകരിക്കപ്പെട്ടിട്ട്. ഇന്റർഓപറബിലിറ്റി സവിശേഷത മെച്ചപ്പെടുന്നതോടെ ആപ്പ് എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാകുമെന്നും കൊടക് മഹീന്ദ്ര ബാങ്ക് അധികൃതർ അറിയിച്ചു

# കൊച്ചിയുടെ തയ്യൽ മിച്ചങ്ങൾ ഇനി കളിപ്പാവകൾ ആകും

**കൊച്ചി:** കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ സെൻറ് തെരേസാസ് കോളേജിന്റെയും ഭൂമി വുമൺസ് കളക്ടീവ് എന്ന വനിതകളുടെ കൂട്ടായ്മയുടെയും സഹകരണത്തോടെ തയ്യൽ മിച്ചങ്ങൾ കൊണ്ട് കളിപ്പാവ നിർമ്മിക്കുവാനുള്ള  യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. കുട്ടികൾ ഉപയോഗിക്കുന്ന കളിപ്പാട്ടങ്ങൾ പലപ്പോഴും ആരോഗ്യത്തിന് ഹാനികരവും പരിസ്ഥിതിക്ക് വിനാശകരവുമാണ്. അത്തരം ഉൽപ്പന്നങ്ങൾ ഒഴിവാക്കി പൂർണ്ണമായും തുണി മിച്ചം വൃത്തിയാക്കി ശാസ്ത്രീയമായി പാവകൾ ആക്കി മാറ്റുന്നതിലൂടെ പരിസ്ഥിതി സൗഹാർദ്ദവും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുന്നു.കൊച്ചി നഗരസഭയുടെ ഹീൽ പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ പദ്ധതി നഗരത്തിൽ നടപ്പിലാക്കുന്നത്. കൊച്ചി നഗരത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന തയ്യൽ മിച്ചങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നതാണ് ഇതിലൂടെ കൊച്ചി നഗരസഭ ലക്ഷ്യം വെക്കുന്നത്. കൊച്ചി നഗരസഭയുടെ കച്ചേരിപ്പടിയിലുള്ള സിഹെഡ് ബിൽഡിങ്ങിലാണ് കളിപ്പാവ നിർമ്മാണ യൂണിറ്റിൻറെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ഫെഡറൽ ബാങ്കിൻറെ സി എസ് ആർ ഫണ്ടിൻറെ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ മാലിന്യത്തിൻറെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുകയും അതിലൂടെ ബ്രഹ്മപുരം വേസ്റ്റ് മാനേജ്മെൻറ് പ്ലാൻറിലേക്ക് പോകുന്ന മാലിന്യത്തിൻറെ അളവ് കുറയ്ക്കുവാനും സാധിക്കും.  ഭിന്നശേഷിക്കാരായ രണ്ടു കുട്ടികൾക്കും അവരുടെ അമ്മമാർക്കും മറ്റു നാലു സ്ത്രീകൾക്കും തൊഴിലും വരുമാനം ലഭിക്കുന്ന തരത്തിലാണ് പദ്ധതി തുടക്കം കുറിക്കുന്നത്.കൊച്ചി നഗരസഭയുടെ ഹീൽ കൊച്ചി പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി പരിപാലനം, ആരോഗ്യ സംരക്ഷണം, തൊഴിൽ എന്നിവയെല്ലാം സാധൂകരിക്കുന്ന തരത്തിൽ നൂതനവും ശാശ്വതവുമായ പരിഹാരമാണ് ഈ പദ്ധതിയുടെ ലക്ഷ്യമെന്നും പദ്ധതിയുടെ പ്രവർത്തനത്തിന് നഗരസഭയുടെ എല്ലാ പിന്തണയും ഉണ്ടാകുമെന്നും മേയർ പറഞ്ഞു.കളിപ്പാവ നിർമ്മാ



ണ യൂണിറ്റിൻറെ ഉദ്ഘാടനം മേയർ അഡ്വ.എം അനിൽ കുമാറും മെഷീൻ സ്വിച്ച് ഓൺ കർമ്മം ഡെപ്യൂട്ടി മേയർ കെ എ അൻസിയയും നിർവഹിച്ചു. ചടങ്ങിൽ കൊച്ചി നഗരസഭ ക്ഷേമകാര്യ കമ്മറ്റി ചെയർപേഴ്സൺ ഷീബ ലാൽ, കൗൺസിലർ  മനു ജേക്കബ്, ഡോ. സി. വിനീത സി.എസ്.എസ്.ടി, പ്രൊവിൻഷ്യൽ സുപ്പീരിയർ ആൻഡ് മാനേജർ, സെൻറ് തെരേസാസ് കോളേജ്,  ജ്യോതി ഡി, അസിസ്റ്റൻറ് വി പി, ഫെഡറൽ ബാങ്ക്, ഡോ.നിർമ്മല പത്മനാഭൻ, ഡയറക്ടർ, ഭൂമി വുമൺസ് കളക്ടീവ്,  ഉഷ രമേഷ്, മാനേജിംഗ് ഡയറക്ടർ, ഭൂമി വുമൺസ് കളക്ടീവ്, ഇസബെല്ല തോമസ്, ഡയറക്ടർ, ഭൂമി വുമൺസ് കളക്ടീവ് എന്നിവർ പങ്കെടുത്തു.

## തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം

LBS CENTRE

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ എൽബിഎസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കളമശ്ശേരി മേഖല കേന്ദ്രത്തിൽ സെപ്റ്റംബർ 4ന് ആരംഭിക്കുന്ന 'പോസ്റ്റ്ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ' (യോഗ്യതബിരുദം), 'പോസ്റ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ' (യോഗ്യത ഡിപ്ലോമ), 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ' (യോഗ്യത SSLC), 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സോഫ്റ്റ് വെയർ)'(യോഗ്യത+2), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ'(യോഗ്യത -SSLC), 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്' (യോഗ്യത+2കൊമേഴ്സ്) എന്നീകോഴ്സുകളിലേക്ക് www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാം. പട്ടികജാതി, പട്ടികവർഗം മറ്റ് അർഹതപ്പെട്ട സമുദായങ്ങളിൽപെടുന്ന വിദ്യാർത്ഥികൾക്ക് നിയമാനുസൃതഫീസാനുകൂല്യം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക. 7025310574 ,8921234382

# സാന്ദ്രാ ഡേവിസിന് സ്വീകരണം നൽകി



**കൊച്ചി:** ബർമിംഗ്ഹാമിൽ നടന്ന ലോക ബ്ലൈൻഡ് ഗെയിംസിൽ കിരീടം സ്വന്തമാക്കിയ കാഴ്ചപരിമിതരുടെ ഇന്ത്യൻ വനിത ക്രിക്കറ്റ് ടീമിൽ അംഗമായ  സാന്ദ്രാ ഡേവിസിന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ക്രിക്കറ്റ് അസോസിയേഷൻ ഫോർ ബ്ലൈൻഡ് ഇൻ കേരള ഭാരവാഹികൾ സ്വീകരണം നൽകി.സിഎബികെ ചെയർമാൻ രജനീഷ് ഹെൻട്രി, ട്രഷറർ സന്തോഷ് പി, യുഎസ്ടി കൊച്ചി സിഎസ്ആർ തലവൻ പ്രശാന്ത് സുബ്രഹ്മണ്യൻ, സിഎബികെ എക്സിക്യൂട്ടീവ് അംഗം തോമസ് എബ്രഹാം, തൃശൂർ അളഗപ്പനഗർ പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസൺ തയ്യാലക്കൽ എന്നിവർ ചേർന്നാണ് സ്വീകരിച്ചത്. സാന്ദ്രയുടെ മാതാപിതാക്കളും സ്വീകരിക്കാൻ വിമാനത്താവളത്തിൽ എത്തിയിരുന്നു.ഈ വിജയത്തെ തന്റെ ജീവിതത്തിലെ  വലിയ അഭിമാനകരമായ നിമിഷമായാണ് കാണുന്നതെന്ന് സാന്ദ്രാ ഡേവിസ് പറഞ്ഞു. ഇംഗ്ലിൽ ഓസ്ട്രേലിയയുമായി ഫൈനലിൽ കളിച്ച് ജയിക്കാനായത് മറക്കാനാവാത്ത അനുഭവമാണ്.  നന്നായി കഠിനാധ്വാനം ചെയ്തിട്ടാണ് ടീം കളിക്കാൻ ഇറങ്ങിയത്. ജയിക്കുമെന്ന വിശ്വാസമുായിരുന്നു. നല്ല തണുപ്പുള്ള കാലാവസ്ഥയായിരുന്നു. ഫൈനലിൽ മഴ പെയ്തതിനാൽ കളി ചുരുക്കേി വന്നതൊഴിച്ചാൽ ടൂർണമെന്റ്  നല്ല പഠനാനുഭവമാണ് നൽകിയതെന്നും സാന്ദ്ര കൂട്ടിച്ചേർത്തു. കാഴ്ച പരിമിതിയുള്ള ഒരു പെൺകുട്ടി കേരളത്തിൽ നിന്നും അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുത്ത് സ്വർണ മെഡൽ നേടിയെന്നത് മറ്റുള്ളവർക്ക് വലിയ പ്രചോദനകരമാണെന്ന് സിഎബികെ ജനറൽ സെക്രട്ടറി രജനീഷ് ഹെൻട്രി പറഞ്ഞു.ഫൈനലിൽ ഓസ്ട്രേലിയൻ വനിത ക്രിക്കറ്റ് ടീമിനെ 9 വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഐ ബി എസ് എ വേൾഡ് ഗെയിംസിൽ ഇന്ത്യൻ വനിതാ ടീം കിരീടം സ്വന്തമാക്കിയത്. കഴിഞ്ഞ ഏപ്രിലിൽ  ആരംഭിച്ച കാഴ്ച പരിമിതരുടെ വനിതാ ക്രിക്കറ്റ് ടീം ഇതാദ്യമായാണ് ഒരു അന്താരാഷ്ട്ര ടൂർണമെന്റിൽ പങ്കെടുക്കുന്നത്. ടീം രൂപീകരിച്ചതിന് ശേഷം നേപ്പാളിനെതിരെ കാഠ്മണ്ഡുവിൽ നടന്ന പരമ്പരയിലാണ് ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ആദ്യമായി കളിച്ചത്. ലോക ബ്ലൈൻഡ് ഗെയിംസിൽ ഓസ്ട്രേലിയക്കെതിരായ ഫൈനലിൽ സാന്ദ്ര ഡേവിസ് 2 ഓവറിൽ 11 റൺസ് വഴങ്ങി 1 വിക്കറ്റ് നേടി മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്തു. തൃശൂർ പൂക്കോട് സ്വദേശിയായ സാന്ദ്ര നിലവിൽ ഒറ്റപ്പാലം എൻഎസ്എസ് കോളേജിൽ ബിഎഡ് വിദ്യാർത്ഥിയാണ്.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288, Kerala.E-mail-societytodaynews@gmail.com